കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വടക്കാഞ്ചേരി മുൻസിപ്പാലിറ്റി

# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശൂർ
**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം.)1566/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.
ഫോൺ നമ്പർ – 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി. 30.11.2017

ജോയിന്റ് ഡയറക്ടർ

നഗരസഭ ചെയർമാൻ (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി നഗരസഭ

സർ,

വിഷയം : വടക്കാഞ്ചേരി നഗരസഭ - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്

ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുൻസിപ്പാലിറ്റി ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) നഗരസഭ ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)1566/2017 തിയതി.30.11.17

## <u>തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

**(1994-**ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് **295(4), 1994-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 30.08.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2016 മുതൽ 31.03.17 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

## വരവ് ഭാഗം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഇ.ആർ.ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം (വരവ് ഭാഗം) | 23.09.2017 മുതൽ 03.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി.കെ.എം.ഷാജിത, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജിഷ.ആർ., ഓഡിറ്റർ |

## ചെലവ് ഭാഗം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഇ.ആർ.ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.06.2017 മുതൽ 09.06.17 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സാബു.പി.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) ശ്രീമതി.ഷീന.കെ.ടി., ഓഡിറ്റ് ഓഫീസർ ശ്രീ.സുനിൽ.പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ, ശ്രീമതി.ഷാജിത.കെ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| നഗരസഭ ചെയർപേഴ്സൻ | ശിവപ്രിയ സന്തോഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ലിജോ അഗസ്റ്റിൻ. എം.ജെ. | 01.04.2016 മുതൽ 03.02.2017 FN വരെ |
| | രമ്യ കൃഷ്ണൻ | 03.02.2017 AN മുതൽ 31.03.2017 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | സുനിൽകുമാർ.എൻ.വി (9847593893) | 01.04.2016 മുതൽ 31.03.2017 വരെ |
| | മനോജ്.എ.എൻ (9496003612) | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോ.കുര്യക്കോസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ബാലകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.പി.എസ്.ജോളി | 01.04.2016 മുതൽ 05.06.2016 വരെ |
| | ഡോ.സ്മൃതി | 06.06.2016 മുതൽ 17.10.2016 വരെ |
| | ഡോ.സബിരാജ് | 18.10.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശരത് മോഹൻ | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീമതി.മിനി.വി.എൻ. | 01.04.2016 മുതൽ 30.09.2016 വരെ |
| | ശ്രീമതി.രഞ്ജിനി.എൻ | 01.04.2016 മുതൽ 30.06.2016 വരെ |
| | ഷാജു.എം.എ. | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കോമളവല്ലി | 01.04.2016 മുതൽ 18.10.2016 (പൂർവ്വാഹ്നം) |

| | | |
|---|---|---|
| | | വരെ |
| | കാഞ്ചനമാല | 18.10.2016 (അപരാഹ്നം) മുതൽ 31.03.2017 വരെ |
| | ലാലി.വി.ടി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ. ബോയ്സ് ഹൈസ്കൂൾ, വടക്കാഞ്ചേരി | ശ്രീ.ചന്ദ്രശേഖരൻ.വി (9446044103) | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഷെറിൻ ആൻഡ്രൂസ് | 01.04.2016 മുതൽ 20.08.2016വരെ |
| | ഒഴിവ് | 21.08.2016 മുതൽ 31.08.2016 വരെ |
| | വിജയൻ.കെ.പി. | 01.09.2016 മുതൽ 30.09.2016 വരെ |
| | രശ്മി.പി. | 01.10.2016 മുതൽ 02.11.2016 (പൂർവ്വാഹ്നം) വരെ |
| | സനൂപ് | 02.11.2016 (അപരാഹ്നം) മുതൽ 31.03.2017 വരെ |
| | ശ്രുതി സുബ്രമണ്യൻ | 01.04.2016 മുതൽ 31.03.2017 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം 2** | |
| 12 | തൊഴിൽ നികുതി അപാകതകൾ | 2-1 |
| 13 | പരസ്യനികുതി - സർവ്വീസ് ടാക്സ് ഈടാക്കിയില്ല | 2-2 |

| | | |
|---|---|---|
| 14 | ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 2-3 |
| 15 | നഗരസഭ പരിധിയിലെ മൊബൈൽ ടവറുകളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല | 2-4 |
| 16 | വസ്തുനികുതി - അധികമായി നികുതി നിശ്ചയിച്ചു | 2-5 |
| 17 | വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-6 |
| 18 | വിമുക്തഭടൻമാരുടെ കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി ഇളവ് - നിബന്ധന പാലിച്ചിട്ടില്ല | 2-7 |
| 18 | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കാത്തതിനാൽ വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 2-8 |
| 20 | സർക്കാർ സ്ഥാപനങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-9 |
| 21 | പുതുക്കിയ പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല | 2-10 |
| 22 | വാടക ഈടാക്കുന്നത് കാര്യക്ഷമമല്ല | 2-11 |
| 23 | റഗുലറൈസേഷൻ ഫീ കുറവായി ഈടാക്കി | 2-12 |
| 24 | കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയം – നികുതി | 2-13 |

| | | |
|---|---|---|
| | പൂർണ്ണമായി ഈടാക്കുകയോ റഗുലറൈസേഷൻ ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല | |
| 25 | ഗ്രാമപഞ്ചായത്തിന് ബാധകമല്ലാത്ത നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 2-14 |
| 26 | വസ്തുനികുതി പരിഷ്ക്കരണത്തിന്റെ അഭാവം – തനതുവരുമാനം ഗണ്യമായ കുറവിലേക്ക് | 2-15 |
| 27 | പുതുക്കിയ പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല | 2-16 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-17 |
| 29 | സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 2-18 |
| 30 | കപാറി ഫയലുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല | 2-19 |
| | **ഭാഗം 3** | |
| 31 | അടിസ്ഥാന സൗകര്യങ്ങളുടെയും, ജീവനക്കാരുടെയും അപര്യാപ്തത - വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു | 3-1 |

| | | |
|---|---|---|
| 32 | 2016-17-ൽ നഗരസഭ 26660755/- രൂപ ലാപ്സാക്കി | 3-2 |
| 33 | നിയമപ്രകാരമുള്ള സമയപരിധി കഴിഞ്ഞിട്ടും പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത ജീവനക്കാർ സർവ്വീസിൽ തുടരുന്നു | 3-3 |
| 34 | കോൺട്രിബ്യൂട്ടറി പെൻഷൻ - നഗരസഭ ജീവനക്കാരുടെ പെൻഷൻ വിഹിതം അടവാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-4 |
| 35 | മത്സ്യമാർക്കറ്റ് കെട്ടിടം - നിയമവിരുദ്ധമായി ബിൽഡിംഗ് ടാക്സ് അടവാക്കി | 3-5 |
| 36 | ത്രിവേണി സൂപ്പർമാർക്കറ്റ് കെട്ടിടം - വാടക കരാർ പുതുക്കിയിട്ടില്ല | 3-6 |
| 37 | രാജീവ് ഗാന്ധി ഭവന നിർമ്മാണപദ്ധതി - ലോൺ തിരിച്ചടവ് രേഖകൾ സൂക്ഷിക്കുന്നില്ല | 3-7 |
| 38 | അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-8 |
| 39 | ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ | 3-9 |

| | | |
|---|---|---|
| | അപാകതകൾ | |
| 40 | വാടക - ഡെപ്പോസിറ്റ് റീഫണ്ട് - വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയില്ല | 3-10 |
| 41 | രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-11 |
| 42 | വനിത എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് – കോസ്റ്റേഫാർഡിന് മുൻകൂർ തുക അനുവദിച്ചു – പരിശീലനം ആരംഭിച്ചില്ല | 3-12 |
| 43 | രാജീവ്ഗാന്ധി ഭവന നിർമ്മാണ പദ്ധതി-(വടക്കാഞ്ചേരി മേഖല) അപാകതകൾ | 3-13 |
| 44 | കരാറുകാരൻ ആദായനികുതി അടവാക്കിയില്ല | 3-14 |
| 45 | മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പിലാക്കിയ പദ്ധതി - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല | 3-15 |
| 46 | തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് എ.ബി.സി. പ്രോഗ്രാം - കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല | 3-16 |
| 47 | കൈപ്പറ്റ് രശീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഇല്ല - തുക തടസ്സപ്പെടുത്തുന്നു | 3-17 |

| | | |
|---|---|---|
| 48 | ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 3-18 |
| 49 | മെഡിക്കൽഓഫീസർ, അലോപ്പതി നിർവഹണോദ്യഗസ്ഥനായ "സമഗ്ര ആരോഗ്യ പദ്ധതി" നടത്തിപ്പിലെ അപാകതകൾ | 3-19 |
| 50 | ഫയൽ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-20 |
| 51 | എസ്റ്റിമേറ്റ് പോലും ലഭിക്കാതെ ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചു | 3-21 |
| 52 | സ്ട്രീറ്റ് ലൈറ്റ് മെയിന്ററനൻസിനായി മുൻകൂർ തുക അനുവദിച്ചു | 3-22 |
| 53 | സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തിയായില്ല – നഗരസഭക്ക് സ്പിൽ ഓവർ വിഹിതം നഷ്ടപ്പെടും | 3-23 |
| 54 | മോണിട്ടറിങ്ങ് നടത്തുന്നില്ല | 3-24 |
| 55 | കെട്ടിട തൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്ററെ രേഖകൾ ഹാജരാക്കിയില്ല | 3-25 |
| 56 | പൊതുമരാമത്ത് മേഖല - വാർഷിക പദ്ധതിയിൽ | 3-26 |

| | | |
|---|---|---|
| | വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കാനായില്ല | |
| 57 | മരാമത്ത് പ്രവൃത്തികളിലെ സേവന നികുതി അടവാക്കുന്നതിൽ കാണപ്പെട്ട അപാകതകൾ | 3-27 |
| 58 | എമൽഷനുകൾ ലഭ്യമായില്ല | 3-28 |
| 59 | കരാറു വെക്കാൻ കാലതാമസം - ഫൈൻ ഈടാക്കിയിട്ടില്ല | 3-29 |
| 60 | ടെണ്ടർഫോമിന്റെ വില നഗരസഭക്ക് ലഭ്യമായില്ല | 3-30 |
| 61 | വൗച്ചറുകൾ ഹാജരാക്കിയില്ല | 3-31 |
| | ഭാഗം 4 | |
| 62 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 63 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 64 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 65 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 66 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 67 | ഓഡിറ്റ് റിക്കവറി | 4-6 |
| 68 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 69 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 70 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തിയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം ആകെ വരവ് 923904339/-ഉം ആകെ ചെലവ് 873321800/-ഉം ആണ്. ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ 12.69% മാത്രമേ യഥാർത്ഥത്തിൽ വരവു വന്നിട്ടുള്ളൂ, ചെലവാകട്ടെ 11.78%ഉം. വസ്തുനിഷ്ഠമായി ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിയ്ക്കണ്ടേതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 31.07.2017 |

## 1-3 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം

വടക്കാഞ്ചേരി നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ഓരോ മാസാവസാനവും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും റീകൺസീലിയേഷൻ പത്രിക തയ്യാറാക്കി സെക്രട്ടറിയും അക്കൗണ്ടന്റും സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം മാസാന്ത്യ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

2. വാർഷികകണക്കിലെ ബി-14 ഷെഡ്യൂൾ പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് 2765 രൂപയാണ്. എന്നാൽ സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വിനോദ നികുതി, പരസ്യ നികുതി എന്നിവ ഒഴികെയുള്ള വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ച് ഡി.സി.ബി. പത്രിക തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ വാർഷികകണക്കിൽ ചേർത്തിരിക്കുന്ന ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

5. വാർഷികകണക്കിന്റെ ബി-15 ഷെഡ്യൂൾ പ്രകാരം 19650 രൂപ പരസ്യനികുതി കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുകയായി കാണിച്ചിട്ടുണ്ട്. എന്നാൽ പരസ്യ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഈ തുക രേഖപ്പെടുത്തിയിട്ടില്ല.

6. വിനോദനികുതി ഡിമാന്റ് രജിസ്റ്ററിൽ സിനിമ സെസ്സ് ഇനത്തിൽ ഈടാക്കിയ തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 658926 രൂപയാണ്. എന്നാൽ വാർഷികകണക്കിലെ ആർപി-1 ഷെഡ്യൂളിൽ തിയറ്റർ/, ഷോ ടാക്സ് ഇനത്തിൽ 445191/- രൂപയാണ് വരവായി കാണിച്ചിരിക്കുന്നത്.

7. തൃശ്ശൂർ ജില്ലാ സഹകരണബാങ്ക് (സാക്ഷരത), കനറാ ബാങ്ക് (ജലനിധി), പുതുരുത്തി സർവ്വീസ് സഹകരണബാങ്ക് (ദുരിതാശ്വാസ നിധി), ഷെഡ്യൂൾഡ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ അക്കൗണ്ടുകളുടെ വാർഷിക റീകൺസീലിയേഷൻ മാത്രമാണ് കൃത്യമായിട്ടുള്ളത്. മറ്റ് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ ഹാജരാക്കിയിട്ടില്ല/കൃത്യമല്ല.

8. നഗരസഭക്ക് 3 വായ്പകളുണ്ട്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് നിലനിന്നിരുന്ന കാലത്ത് ഭവന നിർമ്മാണ പദ്ധതിക്കായി പുതുരുത്തി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയും വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് നിലനിന്നിരുന്ന കാലത്ത് ഭവന നിർമ്മാണ പദ്ധതിക്കായി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്തിരുന്ന വായ്പയും വടക്കാഞ്ചേരി ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയുമാണ് ഇവ. ഇവയിൽ ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി എടുത്ത വായ്പയുടെ അടവാക്കാനുള്ള വായ്പ തുകയായി ബി-5 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന തുക വായ്പ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ മറ്റു വായ്പകളുടെ തുക, തൻവർഷം അടവാക്കിയ തുക, ബാക്കി നിൽക്കുന്ന വായ്പ തുക എന്നിവ ഹാജരാക്കിയ വായ്പ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ തൻവർഷം അടവാക്കിയ തുക, വാർഷികകണക്കിന്റെ ബി-5, ബി-6 എന്നീ ഷെഡ്യൂളുകളിൽ ചേർത്തിരിക്കുന്ന ഇനി അടവാക്കാനുള്ള വായ്പ തുക എന്നിവയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

9. ഡി.ബി.ടി. പത്രിക ഹാജരാക്കാത്തതു മൂലം വിവിധ ക്ഷേമ പെൻഷനുകളുടെ ചെലവ് തുകകളായി വാർഷിക കണക്കിൽ ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

10. ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ രജിസ്റ്ററുകൾ പൂർത്തിയാക്കാത്തത് മൂലം വാർഷികകണക്കിന്റെ ബി-18 ഷെഡ്യൂളിൽ പറയുന്ന സംഖ്യകൾ ശരിയാണോയെന്ന് പരിശോധിക്കാനായില്ല.

11. വാർഷികകണക്കിന്റെ ബി-18 ഷെഡ്യൂളിൽ ഇൻവെസ്റ്റ്മെന്റായി കാണിച്ചിരിക്കുന്ന തുകകളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല.

12. 2015-16 വാർഷികകണക്കിന്റെ B-18 ഷെഡ്യൂൾ പ്രകാരം വായ്പകൾ, മുൻകൂറുകൾ, നിർവ്വഹണഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ എന്നീ ഇനങ്ങളിലുള്ള തുക 32900000/- രൂപയാണ്. പുതുക്കി നൽകിയ വാർഷിക കണക്കിൽ ഇത് 31927214/- രൂപയുമാണ്. എന്നാൽ 2016-17 വാർഷിക കണക്കിന്റെ ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ ഈ ഇനത്തിൽ മുന്നിരിപ്പായി കാണിച്ചിരിക്കുന്നത് 30290000/- രൂപയാണ്.

13. വാർഷികകണക്കിന്റെ ബി-15 ഷെഡ്യൂളിൽ താഴെ പറയുന്ന ഇനങ്ങൾ നെഗറ്റീവ് ആയി കാണപ്പെടുന്നു.

1. റിസീവബിൾസ് ഫോർ പ്രോപ്പർട്ടി ടാക്സ് (കുടിശ്ശിക) - (1469631)

2. റിസീവബിൾസ് ഫോർ പ്രൊഫഷൻ ടാക്സ് (കുടിശ്ശിക) - (11320)

3. റിസീവബിൾസ് ഫോർ ലൈസൻസ് ഫീസ് (തൻവർഷം) - (713535)

4. റെന്റ് റിസീവബിൾസ് സിവിക്ക് അമിനിറ്റീസ് (കുടിശ്ശിക) - (558302)

5. റിസീവബിൾസ് ഫോർ സർവ്വീസ് സെസ്സ് (തൻവർഷം) - (221400)

6. റിസീവബിൾസ് ഫോർ സർവ്വീസ് സെസ്സ് (കുടിശ്ശിക) - (64283)

7. റിസീവബിൾസ് ഫോർ സർചാർജ്ജ് ഓൺ പ്രോപ്പർട്ടി ടാക്സ് (തൻവർഷം) - (7901)

8. റിസീവബിൾസ് ഫോർ സർചാർജ്ജ് ഓൺ പ്രോപ്പർട്ടി ടാക്സ് (കുടിശ്ശിക) - (2991)

9. റിസീവബിൾസ് ഫോർ സർചാർജ്ജ് ഓൺ സെൻട്രൽ ഗവ.ബിൽഡിംഗ്സ് (തൻവർഷം) - (342)

10. റിസീവബിൾസ് ഫോർ സർചാർജ്ജ് ഓൺ സെൻട്രൽ ഗവ.ബിൽഡിംഗ്സ് (കുടിശ്ശിക) - (33)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 15266984

വരവ് - 117302221

ആകെ - 132569205

ചെലവ് - 102842270

നീക്കിയിരിപ്പ്- 29726935

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20597802 | 20597802 | 20597802 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8499529 | 8499529 | 8499529 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 10432242 | 10432242 | 10432242 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4756236 | 4756236 | 4756236 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4973087 | 4973087 | 4973087 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5183136 | 5183136 | 5183136 | 0 |

## 1-6 പദ്ധതി അവലോകനം

2016-17 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 292 | 352764518 | 90 | 57096694 | 32 | 170 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1. മിണാലൂർ ഗ്രൗണ്ട് പട്ടികജാതി കോളനി മോട്ടോർ പമ്പ് സെറ്റ് റിപ്പയർ
2. സമ്പൂർണ്ണ എൽ.ഇ.ഡി. നഗരസഭ (എസ്.സി.പി)
3. ചങ്ങോലക്കോടൻ വാഴയുടെ പൈതൃക സംരക്ഷണവും ഭൗമ സൂചിക പദവി പ്രചരണവും
4. ഓൺലൈൻ സേവന കേന്ദ്രങ്ങൾ
5. സമ്പൂർണ്ണ എൽ.ഇ.ഡി. നഗരസഭ
6. കിണർ റീചാർജിങ്ങ്
7. മുൻസിപ്പൽ ഓഫീസ് കെട്ടിടം
8. ബാലസഭ
9. നഗരസഭക്ക് പുതിയ വാഹനം
10. കരുമത്തിൽ റോഡ് റീ ടാറിങ്ങ്
11. പാണൻപടി എം.എൽ.എ. റോഡ്

12. മാരാത്ത് കുന്ന് മുക്രി റോഡ്

13. പെന്തകോസ്റ്റ് റോഡ്

14. രാജൻപടി റോഡ്

## 1-7 തനതു വരുമാനം

2015-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് തെരഞ്ഞെടുപ്പിനെ തുടർന്നാണ് വടക്കാഞ്ചേരി നഗരസഭ നിലവിൽ വന്നത്. ആയതിനാൽ മുൻ വർഷത്തെ തനതു ഫണ്ടുമായി ഏറ്റക്കുറച്ചിലുകൾ തുലനം ചെയ്യുക സാദ്ധ്യമല്ല.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 558489 | 303 |
| കർഷകതൊഴിലാളി പെൻഷൻ | 12284990 | 1365 |
| വിധവാപെൻഷൻ | 29481080 | 2825 |
| വാർദ്ധക്യകാലപെൻഷൻ | 28768175 | 3566 |
| വികലാംഗപെൻഷൻ | 5637500 | 690 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ | 4606810 | 457 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 990000 | 33 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2017 തിയ്യതിയിൽ 3 pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42175/- രൂപ (നാൽപത്തിരണ്ടായിരത്തി ഒരുന്നൂറ്റി എഴുപത്തിയഞ്ച് രൂപ) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാനും രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വെക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആസ്തി രജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. പരസ്യ നികുതി, വസ്തു നികുതി എന്നിവ ഉൾപ്പെടെ നഗരസഭയുടെ നികുതി/നികുതിയേതര വരുമാനം

വർദ്ധിപ്പിക്കാനും നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കി തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം നഗരസഭ കൈക്കൊള്ളേണ്ടതാണ്. മുണ്ടത്തിക്കോട് സോണൽ ഓഫീസിന്റെ എല്ലാ വരവിനങ്ങളും വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ വരവു ഭാഗത്തേക്ക് ഉൾപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2015 | സെപ്റ്റംബർ 2015 | 16.12.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2016 to 07.10.2016<br>07.11.2016 to 15.11.16 | 2011-12 to 2015-16 | 12.01.2017 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ വടക്കാഞ്ചേരി നഗരസഭയുടെ തൊഴിൽ നികുതി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. വടക്കാഞ്ചേരി മെയിൻ ഓഫീസിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. മെയിൻ ഓഫീസിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ സൂക്ഷിക്കുകയോ, രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മുണ്ടത്തിക്കോട് മേഖലാ കാര്യാലയത്തിലെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി റിട്ടേണുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2. തൊഴിൽനികുതി - കുറവായി ഈടാക്കി.

താഴെ പറയുന്ന ജീവനക്കാരുടെ വരുമാനത്തിനാനുപാതികമായി തൊഴിൽനികുതി ഈടാക്കിയില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ജീവനക്കാരൻ | രണ്ടാം അർദ്ധ വർഷത്തെ വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| വി.ആർ.ബിന്ദു, ജില്ലാആശുപത്രി, വടക്കാഞ്ചേരി | 125570 | 750 | 1250 | 500 |
| ജയ.എൽ.ദാസ്., ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 93408 | 600 | 750 | 150 |
| അശ്വതി.പി.കെ., ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 74592 | 450 | 600 | 150 |
| ജിൻസി ചെറിയാൻ, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 74592 | 450 | 600 | 150 |
| ശാലിനി.ടി.പി., ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 74592 | 450 | 600 | 150 |
| ഷിനോദ്.പി.കെ., ഇ.എസ്.ഐ. | 125970 | 1000 | 1250 | 250 |

| | | | | |
|---|---|---|---|---|
| ഹോസ്പിറ്റൽ, മുണ്ടത്തിക്കോട് | | | | |
| | | | | 1350 |

കുറവായി ഈടാക്കിയ തുക ഈടാക്കി തനതു ഫണ്ടിൽ വരവ് വെയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| കേരള ഗ്രാമീൺ ബാങ്ക്, വടക്കാഞ്ചേരി | 1, 2 |
| ഇസാഫ്, വടക്കാഞ്ചേരി | 1, 2 |
| ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവെസ്റ്റ്മന്റ് | 1, 2 |
| ഐ.സി.ഐ.സി.ഐ., വടക്കാഞ്ചേരി | 1, 2 |

| | |
|---|---|
| എച്ച്.ഡി.എഫ്.സി. ബാങ്ക് | 1, 2 |
| ടി.ഡി.സി.ബി. | 1, 2 |
| എസ്.ബി.ടി., വടക്കാഞ്ചേരി | 1, 2 |
| എസ്.ഐ.ബി. എങ്കക്കാട് | 1, 2 |
| മണപ്പുറം ഫിനാൻസ് | 1, 2 |
| ബി.ആർ.ഡി. മോട്ടോഴ്സ് | 1, 2 |
| യു.ബി.ഐ. | 1, 2 |
| എസ്.ബി.ഐ. | 1, 2 |
| ഫെഡറൽ ബാങ്ക് | 1, 2 |
| ശ്രീവരി ഓട്ടോമൊബൈൽസ് | 1, 2 |
| എസ്.ബി.ടി. അത്താണി | 1, 2 |
| സ്റ്റാർ പ്ലാസ്റ്റിക്സ്, മിണാലൂർ | 1, 2 |
| പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണബാങ്ക് | 1, 2 |
| സി.എസ്.ബി., പുതുരുത്തി | 1, 2 |
| സി.എസ്.ബി., വടക്കാഞ്ചേരി | 1 |

| സി.എസ്.ബി. പെരിങ്ങണ്ടൂർ | 1 |
|---|---|

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

4. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

- ലാമിയാ സിൽക്സ്, വടക്കാഞ്ചേരി
- യോഗക്ഷേമം ലോൺസ്
- ക്ലേലിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ
- എച്ച്.ഡി.എഫ്.സി. ബാങ്ക്
- ടി.ഡി.സി.ബി. വടക്കാഞ്ചേരി
- പി.എച്ച്.സി. മുണ്ടത്തിക്കോട്
- ഐ.സി.ഡി.പി. സബ് സെന്റർ, മംഗലം
- ഗവ.യു.പി. സ്ക്കൂൾ, പാർളിക്കാട്
- നന്ദനം സാനിറ്ററീസ്
- ആയുർവേദ വിഷവൈദ്യ ആശുപത്രി
- അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. വടക്കാഞ്ചേരി
- ജി.യു.പി.എസ്, പുതുരുത്തി
- ഡോക്ടേഴ്സ് മെഡിക്കൽ സെന്റർ, വടക്കാഞ്ചേരി
- ഡിവൈൻ മെഡിക്കൽ സെന്റർ
- വടക്കാഞ്ചേരി ബ്ലോക്ക് മൾട്ടിപർപ്പസ് കോപ്പറേറ്റീവ് സൊസൈറ്റി
- ഇൻഡ്യൻ അസോസിയേഷൻ ഫോർ സേവിംഗ് & ക്രെഡിറ്റ്

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

6. ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

- രാഹുൽ രാജ്, പാറപറമ്പിൽ
- പ്രദീപ്.എം.സി, മേലേതിൽ
- ഷാജു.ഇ.ജെ., എടക്കളത്തൂർ
- രതീഷ് കുമാർ.എൻ.എ., നടത്തറ
- ജോഷി.കെ.ഫ്രാൻസിസ്, കണ്ണനായ്ക്കൽ
- സുരേഷ്.എൻ, ഞാറക്കാട്ടുവളപ്പിൽ, പെരിങ്ങണ്ടൂർ

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 2-2 പരസ്യനികുതി - സർവ്വീസ് ടാക്സ് ഈടാക്കിയില്ല

2016-17-ലെ പരസ്യ നികുതി കുത്തക ലേലം ഇനത്തിൽ 126000/- രൂപ ലേലമെടുത്ത ശ്രീ.ഫൈസൽ.എ.എൻ., അറയ്ക്കൽ ഹൗസ് എന്നവർ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. 2.8.16-ലെ കരാറിലെ വ്യവസ്ഥ 3 പ്രകാരം ലേല തുകയോടൊപ്പം ആയതിന്റെ സർവ്വീസ് ടാക്സ് കൂടി കരാറുകാരൻ അടവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ലേല തുകയോടൊപ്പം ടി തുക അടവാക്കിയതായി ഫയലിലോ, രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.2/25.9.17). 2016-17 സാമ്പത്തിക വർഷത്തിൽ ബാധകമായ സർവ്വീസ് ടാക്സ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ്

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പരസ്യനികുതി ബൈലോ (നം.A.4658/08 തിയതി.10.8.12) ഭരണസമിതി അംഗീകാരത്തിനു ശേഷം പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിച്ചിട്ടില്ല. വടക്കാഞ്ചേരി, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തുകൾ സംയോജിച്ച് നഗരസഭയായി മാറിയതിനുശേഷം 21.12.16-ൽ വടക്കാഞ്ചേരി നഗരസഭ പരസ്യ നികുതി, പൊതു ശ്മശാനം, ഫിഷ് മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ കരട് ബൈലോ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ബൈലോക്ക് അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 നഗരസഭ പരിധിയിലെ മൊബൈൽ ടവറുകളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സർക്കുലർ പ്രകാരം വടക്കാഞ്ചേരി, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തുകളിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2013-14 മുതലുള്ള വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ 11/1037, 11/1043 എന്നീ കെട്ടിട നമ്പറുകളിൽ റിലയൻസ് കമ്മ്യൂണിക്കേഷൻ, കടവന്ത്രയുടെ പേരിലുള്ള ടവറുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. 2013-14 മുതൽ വസ്തു നികുതി

കുടിശ്ശികയുള്ള മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് യഥാക്രമം 378/- രൂപ, 810/- രൂപ മാത്രമാണ്.

നഗരസഭ പരിധിയിലെ മൊബൈൽ ടവറുകൾ സംബന്ധിച്ച കൃത്യമായ വിവര ശേഖരണം നടത്തി പെർമിറ്റ് ഫീ, വസ്തുനികുതി എന്നിവ കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി - അധികമായി നികുതി നിശ്ചയിച്ചു

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച തീരുമാനപ്രകാരം 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ വസ്തു നികുതി നിരക്ക് 40/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസിഡന്റ്, ജുമാ മസ്ജിദ്, കുറാഞ്ചേരി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചപ്പോൾ ച.മീറ്ററിന് 50/- രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. അധികമായി ഈടാക്കിയ നികുതിയുടെ വിവരം താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | അധികം |
|---|---|---|---|---|
| VIII/267A | 38.66 $M^2$ | തറ വിസ്തീർണ്ണംx നികുതി നിരക്ക്<br><br>38.66x50=1933<br><br>വഴി സൗകര്യത്തിന്റെ | തറ വിസ്തീർണ്ണംx നികുതി നിരക്ക്<br><br>38.66x40=1546<br><br>വഴി സൗകര്യത്തിന്റെ | 2319-1855=464/-<br><br>ലൈബ്രറി സെസ് 5%-22 |

| | | | | |
|---|---|---|---|---|
| | | അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%=386<br><br>ആകെ-1933+386=2319/-<br><br>ലൈബ്രറി സെസ് 5%-115 | അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%=309<br><br>ആകെ-1546+309=1855<br><br>ലൈബ്രറി സെസ് 5%-93 | |
| VIII/267B | 22.33 $M^2$ | തറ വിസ്തീർണ്ണംxനികുതി നിരക്ക്<br><br>22.33x50=1116.5<br><br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%=223<br><br>ആകെ-1117+223=1340<br><br>ലൈബ്രറി സെസ് 5%-67 | തറ വിസ്തീർണ്ണംxനികുതി നിരക്ക്<br><br>22.33x40=893<br><br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%=179<br><br>ആകെ-893+179=1072<br><br>ലൈബ്രറി സെസ് 5%-54 | 1340-1072=268<br><br>ലൈബ്രറി സെസ് 5%-13/- |
| VIII/267C | 23.28 $M^2$ | തറ വിസ്തീർണ്ണംxനികുതി നിരക്ക്<br><br>23.28x50=1164<br><br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%=232<br><br>ആകെ-1164+232=1396/-<br><br>ലൈബ്രറി സെസ് 5%-70 | തറ വിസ്തീർണ്ണംx നികുതി നിരക്ക്<br><br>23.28x40=931<br><br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%=186<br><br>ആകെ-931+186=1117/-<br><br>ലൈബ്രറി സെസ് 5%-56 | 1396-1117=279/-<br><br>ലൈബ്രറി സെസ് 5%-14/- |

| | | | | |
|---|---|---|---|---|
| VIII/267D | 23.28 $M^2$ | തറ വിസ്തീർണ്ണംxനികുതി നിരക്ക്<br><br>23.28x50=1164<br><br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%=232<br><br>ആകെ-1164+232=1396/-<br><br>ലൈബ്രറി സെസ് 5%-70 | തറ വിസ്തീർണ്ണംxനികുതി നിരക്ക്<br><br>23.28x40=931<br><br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%=186<br><br>ആകെ-931+186=1117<br><br>ലൈബ്രറി സെസ് 5%-56 | 1396-1117=279/-<br><br>ലൈബ്രറി സെസ് 5%-14/- |
| | | | ആകെ | 1353/- |

മേൽ പ്രകാരം അധികമായി ഈടാക്കിയ വസ്തു നികുതി 2017-18 സാമ്പത്തിക വർഷം അഡ്ജസ്റ്റ് ചെയ്യേണ്ടതും വസ്തുനികുതി ഡിമാന്റ് പുനർ നിർണ്ണയിക്കേണ്ടതുമാണ്.

## 2-6 വസ്തു നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷം വടക്കാഞ്ചേരി നഗരസഭയിൽ വസ്തു നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. വടക്കാഞ്ചേരി മേഖല കാര്യാലയത്തിൻ കീഴിൽ വസ്തുനികുതി പിരിവ് രേഖപ്പെടുത്തുന്നതിനായി ഹാൻഡ് ബുക്കുകളാണ് ഉപയോഗിക്കുന്നത്. സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ നടപ്പാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | നികുതി നിർണ്ണയിച്ച തീയതി | വസ്തു നികുതി/ ലൈബ്രറി സെസ് | കുറിപ്പുകൾ |
|---|---|---|---|---|---|
| മേജോ.എ.ജെ., ആളൂർ കിഴക്കൂട്ട് | XI/762G | $198M^2$ | 1.9.16 | വസ്തുനികുതി-10692/- ലൈബ്രറി സെസ്-534/- (ഫോം 6 പ്രകാരം) | ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയിച്ചതായി രേഖപ്പെടുത്തിയത് 6416/-ഉം ലൈബ്രറി സെസ് 321/- രൂപയുമാണ്. |
| ചന്ദ്രൻ, കടമ്പാട്ട് | V/A | $62.05 M^2$ | 16.2.17 | വസ്തുനികുതി-391/- ലൈബ്രറി സെസ്-20/- (ഫോം 6 പ്രകാരം) | - |

വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻകചയറി നം.8/26.9.17).

## 2-7 വിമുക്ത ഭടൻമാരുടെ കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി ഇളവ് - നിബന്ധന പാലിച്ചിട്ടില്ല

ജി.ഒ.(എം.എസ്.)242/2013 ത.സ്വ.ഭ.വ തിയതി 2.7.13 പ്രകാരം വിമുക്ത ഭടൻമാരുടെ സ്വന്തം താമസാവശ്യത്തിനുള്ള, തറ വിസ്തീർണ്ണം 2000 ച.അടിയിൽ കവിയാത്ത കെട്ടിടങ്ങൾക്ക് മാത്രമേ

വസ്തു നികുതി ഇളവിന് അർഹതയുള്ളൂ. എന്നാൽ വടക്കാഞ്ചേരി മേഖലാ കാര്യാലയത്തിലെ താഴെ പറയുന്ന കെട്ടിട ഉടമകൾക്ക് ഈ നിബന്ധന പാലിക്കാതെ ഇളവ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട ഉടമ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | വസ്തു നികുതി | ലൈബ്രറി സെസ് |
|---|---|---|---|---|---|
| 1 | ഖാദർ | 9/282 | $235m^2$ | 1316 | 66 |
| 2 | സുലൈമാൻ& റയ്ഹാനത്ത് | 17/118 | $277.2m^2$ | 1818 | 91 |
| 3 | കാർത്ത്യായനിയമ്മ മകൾ ജാനകി മുതൽപേർ | 6/276 | $260m^2$ | 49 | 3 |
| | | | | 3183 | 160 |

ക്രമനമ്പർ 3 ലെ വസ്തുനികുതി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർ നിർണ്ണയിക്കേണ്ടതും അനർഹമായി ഇളവ് അനുവദിച്ച കെട്ടിട ഉടമകളിൽ നിന്നും നികുതി ഈടാക്കേണ്ടതുമാണ്.

## 2-8 വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കാത്തതിനാൽ വസ്തു നികുതി കുറവായി നിർണ്ണയിച്ചു

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ സ.ഉ88/2013/ത.സ്വ.ഭ.വ തിയതി 13.3.13 പ്രകാരം അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 20% വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മുണ്ടത്തിക്കോട് മേഖലാ കാര്യാലയത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല.

| കെട്ടിട ഉടമ | കെട്ടിട നമ്പർ | വസ്തു നികുതി നിർണ്ണയിച്ച തീയതി | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | കുറിപ്പുകൾ |
|---|---|---|---|---|
| ശ്രീ.മുഹമ്മദ് നിഷാം, പാംഷേഡ് അപ്പാർട്ട്മെന്റ് 2 | XII/350A1 മുതൽ XII/350D8 വരെയുള്ള 29 ഫ്ലാറ്റുകൾ | 9.11.16 | $2330m^2$ (റസിഡൻഷ്യൽ) | സൈറ്റ് പ്ലാൻ പ്രകാരം പ്രവേശന മാർഗ്ഗം 6m ആണ്. |
| സൈനുദ്ദീൻ, ചെമ്പത്തേതിൽ | VIII/239B | 19.7.16 | 119.64 $M^2$ (നോൺ റസിഡൻഷ്യൽ) | അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പ്രവേശന മാർഗ്ഗം സ്റ്റേറ്റ് ഹൈവേ |
| | VIII/239E | 19.7.16 | $238.1M^2$ | അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പ്രവേശനമാർഗ്ഗം സ്റ്റേറ്റ് ഹൈവേ |

മേൽ പ്രകാരം വസ്തുനികുതി പുനർനിർണ്ണയിച്ച് കുറവായി നിർണ്ണയിച്ച വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 2-9 സർക്കാർ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തെ വടക്കാഞ്ചേരി മേഖലയിലെ വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവ് വിവരം രേഖപ്പെടുത്തുന്ന ഹാൻഡ് ബുക്ക് പ്രകാരം (2013-14 മുതൽ 2016-17

വരെയുള്ളത്) താഴെ പറയുന്ന സർക്കാർ സഹകരണ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശിക വളരെയധികം ഈടാക്കാനുള്ളതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| | സ്ഥാപനം | കുടിശ്ശിക എന്നു മുതൽ | വാർഷിക വസ്തു നികുതി |
|---|---|---|---|
| 1 | പട്ടികജാതി ഈറ്റ തൊഴിലാളി സംഘം ക്ലിപ്തം 11/253 | 2014-15 മുതൽ | 9000 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ 11/657 | 2013-14 മുതൽ | 2053 |
| 3 | തഹസിൽദാർ, തലപ്പിള്ളി 11/665 മുതൽ 11/669 വരെ<br>11/669A മുതൽ 11/669L വരെ<br>11/670 മുതൽ 11/672 വരെ | 2014-15 മുതൽ | 65959/- |

| | | | |
|---|---|---|---|
| 4 | പി.ഡബ്ലിയു. റോഡ് ഡിവിഷൻ<br><br>11/1413 | 2014-15 മുതൽ | 5292/- |
| 5 | ഫയർ & റസ്ക്യൂ സർവ്വീസസ് | 2013-14 മുതൽ | 36504/- |

വസ്തുനികുതി അടവാക്കാത്ത മുഴുവൻ സർക്കാർ സഹകരണ സ്ഥാപനങ്ങളുടെയും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 പുതുക്കിയ പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല

1. ഇൻമൈൻഡ് സൈക്യാട്രിക് ആശുപത്രി-

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റ് നം.3/2012-13 തിയതി.30.1.13 പ്രകാരം ഇൻ മൈൻഡ് ഹോസ്പിറ്റൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റിന്റെ കാലാവധി 22.1.13 മുതൽ 21.1.16 വരെയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച മേൽ കെട്ടിടത്തിന് Partial Occupancy അനുവദിക്കുന്നതിനായി 9.11.16-ൽ അപേക്ഷിക്കുകയും (അപേക്ഷ നം.3726/16 തിയതി.9.11.16) ചെയ്തു. പെർമിറ്റ് കാലയളവിനുള്ളിൽ പെർമിറ്റ് പുതുക്കാൻ അപേക്ഷിക്കാത്തതിനാൽ കെ.എം.ബി.ആർ. റൂൾ 15A (4,5) പ്രകാരം പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസ് താഴെ പറയും പ്രകാരം ഈടാക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

permitted area-1942.42 $m^2$

permit renewal fee-1943x10x50%=9715/-

എന്നാൽ മേൽ തുക 9.11.16-ലെ ഡേ ബുക്കിൽ വരവു വന്നിട്ടില്ല. കൂടാതെ 19.1.17-ൽ വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചപ്പോൾ വസ്തു നികുതിയുടെ കൂടെ മേൽ തുക ഈടാക്കിയതായി കാണുന്നില്ല.

2. വിശാലാക്ഷി, മുത്തങ്ങാപറമ്പിൽ (കെട്ടിട നമ്പർ-XI/820A)

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റ് നം.5/2011 തിയതി 5.1.11 പ്രകാരം 294 $m^2$ റസിഡൻഷ്യൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റിന്റെ കാലാവധി 5.1.11 മുതൽ 4.1.14 വരെയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 6.1.17-ൽ പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷിക്കുകയും പെർമിറ്റ് കാലയളവിനുള്ളിൽ പെർമിറ്റ് പുതുക്കാൻ അപേക്ഷിക്കാത്തതിനാൽ കെ.എം.ബി.ആർ. റൂൾ 15A (4, 5) പ്രകാരം പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസ് 294x7x50% =1029/- ഈടാക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുക ഈടാക്കിയിട്ടില്ല.

പെർമിറ്റ് ഫീ പുതുക്കലുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പെർമിറ്റ് പുതുക്കി നൽകിയതിനുള്ള ഫീ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-11 വാടക ഈടാക്കുന്നത് കാര്യക്ഷമമല്ല

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് എന്നിവ സംയോജിപ്പിച്ച് 1.11.2015 മുതലാണ് വടക്കാഞ്ചേരി നഗരസഭ നിലവിൽ വന്നത്. മുൻകാലങ്ങളിൽ പഞ്ചായത്തുകളുടെ അധീനതയിലുണ്ടായിരുന്ന ആസ്തികൾ അതിനു ശേഷം നഗരസഭയുടെ കീഴിലാണ്. വടക്കാഞ്ചേരി, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തുകൾ വാടകക്ക് നൽകിയിരുന്ന കെട്ടിടങ്ങൾ ഇപ്പോൾ നഗരസഭയാണ് വാടകക്ക് നൽകുന്നത്. എന്നാൽ വാടക ഈടാക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ പരിശോധനയിൽ കാണപ്പെട്ടു.

1. **വാടകക്ക് നൽകുന്ന കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല**

വാടകക്ക് നൽകുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങളടങ്ങുന്ന ഒരു രജിസ്റ്റർ നഗരസഭ തയ്യാറാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ പേര്, അവ സ്ഥിതി ചെയ്യുന്ന സ്ഥലം, ഓരോ കെട്ടിടത്തിലും ഉള്ള മുറികളുടെ എണ്ണം, അവയിൽ വാടകക്ക് നൽകുന്ന മുറികളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. കെട്ടിടത്തിന്റെ പ്ലാനും വാടക കരാറുകളും മേൽ പറഞ്ഞ വിശദാംശങ്ങളുമടങ്ങുന്ന ഫയലുകളും ലഭ്യമായില്ല. കെട്ടിട നമ്പർ, വാടകക്കാരന്റെ വിലാസം, എഗ്രിമെന്റ് കാലാവധി, കച്ചവടം എന്നിവ രേഖപ്പെടുത്തിയ ഒരു ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലിസ്റ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒരു വിവരാവകാശ അപേക്ഷക്ക് നൽകിയ മറുപടി പ്രകാരം നഗരസഭ വാടകക്ക് നൽകുന്ന കെട്ടിടങ്ങൾ താഴെ പറയുന്നവയാണ്.

1. ഓട്ടുപാറ മാർക്കറ്റ് സ്റ്റാൾ

2. ഓട്ടുപാറ മാർക്കറ്റ് കോമ്പൗണ്ട് ബിൽഡിംഗ്

3. ഓട്ടുപാറ ബസ്സ് സ്റ്റാന്റ് ബിൽഡിംഗ്

4. ഓട്ടുപാറ ബസ്സ് സ്റ്റാന്റ് വെജിറ്റബിൾ സ്റ്റാൾ

5 ഓട്ടുപാറ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്

6. ഓട്ടുപാറ മൈക്രോ വിപണനകേന്ദ്രം

7. നെല്ലിക്കുന്ന് മിനി വ്യവസായകേന്ദ്രം

8. ഓട്ടുപാറ കുടുംബശ്രീ വിപണനകേന്ദ്രം

9. കാർഷിക വിപണനകേന്ദ്രം

10. മിൽമ സ്റ്റാൾ

11. കെ.കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ്

12. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, അത്താണി

13. ഫിഷ് മാർക്കറ്റ്

ഇവയിൽ ഏതെല്ലാം വാടകക്ക് നൽകിയിട്ടുണ്ടെന്നോ ഓരോന്നിലും വാടകക്ക് നൽകുന്ന മുറികളുടെ എണ്ണം എത്രയാണെന്നോ കണ്ടെത്താൻ നിലവിൽ സംവിധാനമില്ല.

2. **ബൈലോ തയ്യാറാക്കിയിട്ടില്ല**

മേൽ പറഞ്ഞ കെട്ടിടങ്ങളിൽ കെ.കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകുന്നതിന്റെ ബൈലോക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റു കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് ബൈലോ ലഭ്യമായില്ല. എല്ലാ കെട്ടിടങ്ങളിലും വാർഷിക വർദ്ധനവ് 5% എന്ന നിരക്കിലാണ്. വാടക പുതുക്കുമ്പോൾ പല വാടകക്കാരും പുതിയ കരാറിലേർപ്പെട്ടിട്ടില്ല. ഹാജരാക്കിയ കരാറുകൾ പലതും പൂർണ്ണമായി രേഖപ്പെടുത്തലുകൾ ഇല്ലാത്തവയാണ്.

3. **വാടക പുതുക്കിയിട്ടില്ല**

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കൃത്യമായ തിയതിയിൽ വാടക പുതുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണപ്പെട്ടു. കരാർ കാലയളവ്, പുതുക്കേണ്ട തിയതി, വാടക നിരക്ക് എന്നീ രേഖപ്പെടുത്തലുകൾ വാടക രജിസ്റ്ററിൽ വരുത്തുന്നില്ല. മുൻ വർഷത്തെ വാടക രജിസ്റ്റർ, ഹാജരാക്കിയ ലിസ്റ്റ് എന്നിവ പ്രകാരം താഴെ പറയുന്നവരുടെ വാടക 2016-17 ൽ പുതുക്കിയിട്ടില്ലെന്ന് വ്യക്തമായി.

| വാടകക്കാരന്റെ പേര് | വാടക മുറിയുടെ നമ്പർ | 2016-17-ൽ ഈടാക്കിയ വാടക | ലിസ്റ്റ് പ്രകാരം പുതുക്കേണ്ട തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| നവാസ് | X/410 | 840 | 1.12.16 മുതൽ പുതിയ കരാർ കാലാവധി. എന്നാൽ വർദ്ധനവ് വരുത്തിയിട്ടില്ല. |
| യൂസഫ് | X/397 | 1279 | മുൻ വർഷത്തിൽ 2/16-നാണ് 1279/- ആയി വർദ്ധിപ്പിച്ചത്. എന്നാൽ 3/17 മുതൽ വർദ്ധനവ് വരുത്തിയിട്ടില്ല. |
| ജയകുമാർ | X/400 | 2460 | മുൻ വർഷത്തിൽ 2/16-നാണ് 2460/- ആയി വർദ്ധിപ്പിച്ചത്. എന്നാൽ 3/17 മുതൽ വർദ്ധനവ് വരുത്തിയിട്ടില്ല. |
| കെ.വി.സണ്ണി | X/425 | 2955 | 1.1.17 മുതൽ പുതുക്കിയിട്ടില്ല |
| ദേവസ്സി.കെ.എൻ. | III/932 | 6908 | 1.7.16 മുതൽ പുതുക്കിയിട്ടില്ല |
| മാനേജർ, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | III/942 | 5950 | 1.10.16 മുതൽ പുതുക്കിയിട്ടില്ല |
| ഷാജി ഇഞ്ചലോടി | നെല്ലിക്കുന്ന് വ്യവസായ എസ്റ്റേറ്റ് | 900 | 1.8.16 മുതൽ പുതുക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | സ്റ്റാൾ-2&3 | | |
| സുരേഷ് മാത്യു | III/942-A | 5000 | 1.11.16 മുതൽ പുതുക്കിയിട്ടില്ല |
| ജെറി | XI/576 | 3100 | 2015-16-ലും 2016-17-ലും 3100/- വീതമാണ് അടവാക്കിയിട്ടുള്ളത്. |

വർദ്ധനവ് വരുത്താത്തവരുടെ മേൽ പറഞ്ഞ പട്ടിക പൂർണ്ണമല്ല. രേഖകൾ കൃത്യമായി സൂക്ഷിക്കാത്തത് വാടക വരുമാനത്തിൽ ചോർച്ചയുണ്ടാക്കും. ധാരാളം പേർ വാടക യഥാസമയം അടവാക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര് | വാടക മുറിയുടെ നമ്പർ | വാടക | കുറിപ്പുകൾ |
|---|---|---|---|
| വാവു.എം.എ. | X/406 | 736 | 7/16 മുതൽ അടവാക്കിയിട്ടില്ല |
| മൊയ്തീൻ കുട്ടി | X/411 | 736 | 4/16 മുതൽ അടവാക്കിയിട്ടില്ല |
| ഷെമീർ | X/412 | 736 | 7/16 മുതൽ അടവാക്കിയിട്ടില്ല |
| മുസ്തഫ | X/393 | 1120 | 7/16 മുതൽ അടവാക്കിയിട്ടില്ല |
| ഷാഹിദ് | Xi/743 | 4000 | 8/16 മുതൽ അടവാക്കിയിട്ടില്ല |
| പുഷ്പരാജൻ | XI/744 | 4200 | 4/16 മുതൽ അടവാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| സജി ജോസഫ് | XI/747 | 4000 | 8/16 മുതൽ അടവാക്കിയിട്ടില്ല |
| മോളി മോൻസി | XI/745 | 4000 | 9/16 മുതൽ അടവാക്കിയിട്ടില്ല |

ഇവരുടെ വാടകയിലെ വാർഷിക വർദ്ധനവ് കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

4. **വാടക രജിസ്റ്ററിൽ ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല**

വാടക രജിസ്ററർ, കുടിശ്ശിക വാടക രജിസ്ററർ എന്നിവ പൂർത്തീകരിച്ചിട്ടില്ല. രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.

5. **ലേലം കൂടാതെ വാടകക്ക് നൽകി**

കെ.കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ XI/735 ാം നമ്പർ മുറി പ്രസ്സ് ക്ലബ്/ ഇൻഫർമേഷൻ സെന്ററർ നടത്തിക്കൊണ്ടു പോകുന്നതിന് ശ്രീ.ശശികുമാർ എന്ന വ്യക്തിക്ക് ലേലം കൂടാതെ അനുവദിക്കുന്നതിന് ഭരണസമിതിയുടെ 11.2.15ലെ 8 ാം നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. വാടകയും ഡെപ്പോസിറ്റും ഒഴിവാക്കിക്കിട്ടുന്നതിന് സർക്കാരിലേക്ക് അയക്കുന്നതിനും തീരുമാനിച്ചിരുന്നു. സെക്രട്ടറിയുടെ പേരിൽ ലേലം കൂടാതെ അനുവദിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 22.11.16-ലെ 14 ാം നമ്പർ തീരുമാന പ്രകാരം 2016 ഏപ്രിൽ മാസം മുതൽ 2017 മാർച്ച് 31 വരെ പ്രതിമാസം 1000/- രൂപ നിരക്കിൽ നിലവിലെ സ്ഥിതി തുടരുന്നതിനും സർക്കാരിന്ററെ അനുമതിയോ ബൈലോയിലെ അതുമായി ബന്ധപ്പെട്ട ഭാഗത്തിന് അംഗീകാരമോ ലഭിക്കാത്തപക്ഷം പകരം സംവിധാനം ഏർപ്പെടുത്താനും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സർക്കാരിന്ററെ അനുമതി ലഭിച്ചിട്ടില്ല. ബൈലോയിലെ ഖണ്ഡിക 5 പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കോ പൊതുമേഖലാ സ്ഥാപനങ്ങൾക്കോ സഹകരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനോ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലം കൂടാതെ തന്നെ കൂടിയാലോചന വഴി ഡെപ്പോസിറ്റും വാടകയും നിശ്ചയിച്ച് നൽകുവാൻ പഞ്ചായത്തിന് അധികാരമുണ്ട്. അല്ലാത്ത

പക്ഷം കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ ഓരോ മുറിയുടേയും ചുരുങ്ങിയ ഡെപ്പോസിറ്റ് സംഖ്യയിൽ നിന്നും ലേലം ആരംഭിച്ച് കൂടിയ ഡെപ്പോസിറ്റ് തുകക്ക് ലേലം കൊണ്ട ആൾക്ക് പഞ്ചായത്തിന്റെ അംഗീകാരത്തിന് വിധേയമായി ലേലം ഉറപ്പിക്കേണ്ടതാണെന്ന് ഖണ്ഡിക 11 ൽ പറയുന്നു.

നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ് വാടക. എന്നാൽ വാടക നിർണ്ണയിക്കുന്നതും ഈടാക്കുന്നതും കാര്യക്ഷമമല്ലെന്ന് മേൽ പറഞ്ഞ അപാകതകളിൽ നിന്നും വ്യക്തമാകുന്നു. എല്ലാ കെട്ടിടങ്ങൾക്കും ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകക്ക് നൽകാവുന്ന എല്ലാ കെട്ടിടങ്ങളുടേയും വാടകക്ക് നൽകാവുന്ന മുറികളുടേയും കൃത്യമായ കണക്കുകൾ നഗരസഭ സൂക്ഷിക്കേണ്ടതാണ്. ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്ത് വാടകക്കാർക്ക് ഏൽപ്പിച്ചു കൊടുക്കുന്നതിനും കൃത്യമായ ഇടവേളകളിൽ വാടക പുതുക്കുന്നതിനും നഗരസഭ ശ്രദ്ധിക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ദീർഘകാല കുടിശ്ശികക്കാർക്കെതിരെ കരാർ പ്രകാരമുള്ള നടപടികൾ ആരംഭിക്കേണ്ടതുമാണ്.

## 2-12 റഗുലറൈസേഷൻ ഫീ കുറവായി ഈടാക്കി

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 144 ഉപചട്ടം 3-ൽ ക്രമവത്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെയായിരിക്കണമെന്നു വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ചട്ടം 146 ഉപചട്ടം 4 പ്രാബല്യത്തിലുള്ള പെർമിററ് ഫീസിന്റെ ഇരട്ടിയായിരിക്കും രാജിയാക്കൽ ഫീസ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.11.15-ലെ 2298/13/RD2/15 ത.സ്വ.ഭ.വ. സർക്കുലറിലും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. ക്രമവൽക്കരിക്കേണ്ട അപേക്ഷയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീ കൂടി ഈടാക്കേണ്ടതാണ്. അതിൽ നിന്നും വ്യത്യസ്തമായി പെർമിറ്റ് എടുക്കാതെ കെട്ടിടം പണിത കെട്ടിട ഉടമകളിൽ നിന്നും രാജിയാക്കൽ ഫീ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മുനിസിപ്പാലിറ്റി

കെട്ടിട നിർമ്മാണങ്ങൾക്കുളള പെർമിറ്റ് ഫീസ് റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 7/- രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 10/- രൂപയുമാണ് .

| കെട്ടിട ഉടമ, കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | ഈടാക്കിയ ഫീ | ഈടാക്കേണ്ടത് | കുറവ് | പെർമിറ്റ് ഫീ ഈടാക്കിയ തീയതി |
|---|---|---|---|---|---|
| മനോജ്കുമാർ, ഇല്ലിക്കോട്ടിൽ vii/385C | 239.51 $m^2$ റസിഡൻഷ്യൽ | 3354/- | 5030 | 1676 | 18.06.16 |
| ബോബൻ, മഞ്ഞങ്ങാട്ടിൽ Xiii/412A | 191.35 $m^2$ റസിഡൻഷ്യൽ | 3827 | 4018 | 191 | 14.06.16 |
| സൈനുദ്ധീൻ, ചെമ്പത്തേതിൽ viii/A, B, C, D | 474.70 $m^2$ നോൺ റസിഡൻഷ്യൽ | 9974/- | 14241 | 4267 | 08.07.16 |
| മുകേഷ്, ചോലയിൽ | 168.58 $m^2$ റസിഡൻഷ്യൽ | 2361/- | 3540 | 1179 | 25.02.16 |

| | | | | | |
|---|---|---|---|---|---|
| റിലയൻസ് ജിയോ ഇൻഫോകോം xiii/339A | മൊബൈൽ ടവർ | 20000/- | 30000 | 10000 | 22.12.16 |
| വാസുക്കുട്ടൻ, കുന്നത്ത് | 188.12 $m^2$ നോൺ റസിഡൻഷ്യൽ | 3763/- | 5643 | 1880 | 19.01.17 |
| സുബ്രഹ്മണ്യൻ, പാമ്പുങ്ങൽ | 111.64 m2 റസിഡൻഷ്യൽ | 782/- | 2344 | 1562 | 23.12.16 |
| കൃഷ്ണൻകുട്ടി, തെന്നങ്കോട്ടിൽ | 190.85 $m^2$ റസിഡൻഷ്യൽ | 2672/- | 4008 | 1336 | 17.01.17 |
| ത്രേസ്യജോസഫ്, മാളിയേക്കൽ | 180.36 $m^2$ റസിഡൻഷ്യൽ | 692/- | 3788 | 3096 | 04.01.17 |
| ഗംഗാധരൻ.കെ, വട്ടേക്കാട്ടുവളപ്പിൽ | 139.46$m^2$ റസിഡൻഷ്യൽ | 977/- | 2929 | 1952 | 31.01.17 |
| ശിവപ്രസാദ്, തൈവളപ്പിൽ | 148 $m^2$ നോൺ റസിഡൻഷ്യൽ | 1380 | 4440 | 3060 | 03.05.16 |
| സുബ്രമണ്യൻ, നടുപറമ്പിൽ | 174.33 $m^2$ റസിഡൻഷ്യൽ | 2441/- | 3661 | 1220 | 25.04.16 |
| വത്സല ഇറക്കത്ത് | 52.8 $m^2$ നോൺ റസിഡൻഷ്യൽ | 1056/- | 1584 | 528 | 19.04.16 |
| ഗോപാലൻ, തെക്കേപറമ്പിൽ | 46.11 $m^2$ നോൺ റസിഡൻഷ്യൽ | 923/- | 1383 | 460 | 30.12.16 |

| | | | | | |
|---|---|---|---|---|---|
| ജോസ്, ചീരമ്പൻ | 151.13 $m^2$ നോൺ റസിഡൻഷ്യൽ | 461/- | 4534 | 4072 | 14.07.16 |
| ശ്രീജിത്ത്, മഠത്തിപറമ്പിൽ | 157.33 $m^2$ റസിഡൻഷ്യൽ | 2203/- | 3304 | 1101 | 20.09.16 |
| | | | | 37580/- | |

കുറവായി ഈടാക്കിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-13 കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയം - നികുതി പൂർണ്ണമായി ഈടാക്കുകയോ റഗുലറൈസേഷൻ ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല

മുണ്ടത്തിക്കോട് സോണൽ ഓഫീസിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ശ്രീ.മനോജ്കുമാർ ഇല്ലിക്കോട്ടിലിന്റെ ഉടമസ്ഥതയിലുള്ള VII/5, 6, 7, 8 (GF)ന്റെ വിസ്തൃതി 112$m^2$, FF ന്റെ VII/8Bയ്ക്ക് വിസ്തൃതി 37.48$m^2$ ഉൾപ്പെടെ ആകെ വിസ്തൃതി 149.48 $m^2$ ആണ്. 2016-17ൽ vii/8B1 എന്ന കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കുന്നതിന് ഹാജരാക്കിയ പ്ലാൻ പ്രകാരം നിലവിലുള്ള GFന്റെ വിസ്തൃതി 143.33 $m^2$, Ffന്റെ വിസ്തൃതി 60.17 $m^2$, കംപ്ലീറ്റഡ് FF 105.14 $m^2$ ഉൾപ്പെടെ ആകെ 308.64 $m^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതിനേക്കാൾ കൂടുതലുള്ള അളവിന് വസ്തു നികുതി പുനർ നിർണ്ണയിക്കാനും, 159.16 $m^2$ൽ അധികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് പെർമിറ്റ് എടുക്കാത്തതിനാൽ ടി വിസ്തൃതി ക്രമവൽക്കരിക്കേണ്ടതാണെന്നും 24.10.16ൽ ഓവർസീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

| കെട്ടിട നമ്പർ | അസസ്മെന്റ് പ്രകാരം | പ്ലാൻ പ്രകാരം | നിലവിലുള്ള വസ്തു | പുനക്രമീകരിച്ച വസ്തു നികുതി |
|---|---|---|---|---|

| | വിസ്തൃതി (M²) | വിസ്തൃതി (M²) | നികുതി | |
|---|---|---|---|---|
| VII/5 | 28 | 32.16 | 460 | 660 |
| VII/6 | 28 | 34.01 | 460 | 653 |
| VII/7 | 28 | 36.69 | 460 | 878 |
| VII/8 | 28 | 40.47 | 460 | 1050 |
| VII/8B | 37.48 | 60.17 | 1710 | 2745 |
| VII/B1 | ----- | 105.14 | --- | 4396 |
| | | | 3550 | 10382 |

18.11.16-ലെ രസീതി നം.11603103420 പ്രകാരം 9760/- രൂപ വസ്തു നികുതി ഇനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം കെട്ടിടങ്ങളുടെ വസ്തു നികുതിയാണ് മേൽ തുക എന്നു വ്യക്തമല്ല. കൂടാതെ ക്രമവൽക്കരണ ഫീയും ഈടാക്കിയതായി കാണുന്നില്ല.

വസ്തുനികുതി, ക്രമവൽക്കരണ ഫീ എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-14 ഗ്രാമപഞ്ചായത്തിന് ബാധകമല്ലാത്ത നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

വടക്കാഞ്ചേരി നഗരസഭയിലെ അത്താണിയിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിലുള്ള അത്താണി വ്യവയായ വികസന പ്ലോട്ടിലെ പ്ലോട്ട് നം.19, 21B യിൽ നിർമ്മിച്ചിട്ടുള്ള 2660.93 $m^2$ വിസ്തീർണ്ണമുള്ള റൂഫിംഗ് ഷീറ്റ് നിർമ്മാണം നടത്തുന്നതിനുള്ള ഷെഡിന് (സ്റ്റാൻഡേർഡ് സെറാമിക്സ്) 23.8.16-ൽ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. 2660.93 $m^2$ 20/- രൂപ നിരക്കിൽ ദ്വിതീയമേഖലയുടെ 10%, ഷീറ്റിനുള്ള 10% ഇളവ് ഉൾപ്പെടെ ആകെ 20% ഇളവ് അനുവദിച്ച് വസ്തു നികുതി 42575/- രൂപ, ലൈബ്രറി സെസ് 2127, സേവന നികുതി 2555/- രൂപ ഉൾപ്പെടെ ആകെ 47259/- രൂപ വസ്തു നികുതി നിർണ്ണയിച്ചു. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചതിൽ ഒരു

വിഭാഗം കെട്ടിടത്തിനും 20/- രൂപ എന്ന് നിശ്ചയിച്ചു കാണുന്നില്ല. വസ്തുനികുതി നിർണ്ണയം പുനപരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-15 വസ്തുനികുതി പരിഷ്ക്കരണത്തിന്റെ അഭാവം-തനതുവരുമാനം ഗണ്യമായ കുറവിലേക്ക്

വടക്കാഞ്ചേരി, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് രൂപീകരിച്ച വടക്കാഞ്ചേരി നഗരസഭ 2015 നവംബർ 1 മുതൽ പ്രവർത്തനം ആരംഭിച്ചു. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം വസ്തുനികുതി നിരക്കുകൾ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 7/- രൂപയും മറ്റുള്ളവ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും നിശ്ചയിച്ചിട്ടുണ്ട്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം വസ്തുനികുതി നിരക്കുകൾ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് 6/- രൂപയും മറ്റുള്ളവ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും നിശ്ചയിച്ചിട്ടുണ്ട്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് നികുതിയുടെ 6% സേവന ഉപനികുതി ചുമത്തുന്നുണ്ട്.

നഗരസഭാ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 30.6.16-ലെ 2(2) തീരുമാന പ്രകാരം 41 ഡിവിഷനുകളിലും പുതിയ കെട്ടിട നമ്പർ പതിക്കുന്നതിനും, കെട്ടിടങ്ങളുടെ വിസ്തീർണ്ണം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നഗരസഭാ കൗൺസിൽ ആയത് അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

നിലവിൽ രണ്ടു മേഖലാ കാര്യാലയങ്ങളിലും ഗ്രാമപഞ്ചായത്ത് നിരക്കിലുള്ള നികുതിയാണ് ഈടാക്കി വരുന്നത്. ഈടാക്കുന്ന വസ്തുനികുതി നഗരസഭ അക്കൗണ്ട്സിൽ ഉൾപ്പെടുത്തുന്നതിലുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തൽ പൂർത്തീകരിച്ചിട്ടില്ല. ഡിമാൻഡ് രജിസ്റ്ററുകൾക്ക് പകരം സംവിധാനം എന്ന നിലയിൽ 2013-14 മുതൽ ഹാൻഡ് ബുക്കുകൾ ഉപയോഗിച്ചു വരുന്നു. ആയതിൽ ഡി.സി.ബി കണക്കാക്കിയിട്ടില്ല.

2. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തലുകൾ പൂർത്തീകരിച്ചെങ്കിലും നഗരസഭയായി മാറിയ സമയം മുതൽ നഗരസഭാ സെക്രട്ടറിയുടെ ഡിജിറ്റൽ സൈൻ ഗ്രാമപഞ്ചായത്ത് തലത്തിൽ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ സഞ്ചയ അപ്ഡേറ്റ് ചെയ്യുന്ന പ്രവൃത്തി നിർവ്വഹിക്കാൻ സാധ്യമായിട്ടില്ല.

3. മുണ്ടത്തിക്കോട് മേഖല കാര്യാലയത്തിൽ രസീതി പിരിവിന് മാത്രമായി ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഡേ ബുക്കും പരിപാലിക്കുന്നുണ്ട്. അതതു ദിവസത്തെ കളക്ഷൻ അടുത്ത ദിവസം മെയിൻ ഓഫീസിൽ അടവാക്കുന്നുമുണ്ട്. എന്നാൽ സോണൽ ഓഫീസിലെ കളക്ഷൻ എന്ന പേരിലാണ് വടക്കാഞ്ചേരി നഗരസഭയിലെ ഡേബുക്കിൽ രേഖപ്പെടുത്തുന്നത്. വസ്തു നികുതിയുമായി ബന്ധപ്പെട്ട കളക്ഷന് മുണ്ടത്തിക്കോട് സോണൽ ഓഫീസിൽ യാതൊരു രജിസ്റ്ററുകളും പരിപാലിക്കുന്നില്ല .

നഗരസഭാ വസ്തുനികുതി നഗരസഭയ്ക്ക് ബാധകമായ നിരക്കിലേക്ക് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കി വരുമാനനഷ്ടത്തിനിട വരാത്തവിധം കുടിശ്ശിക തുകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-16 പുതുക്കിയ പെർമിറ്റ്ഫീ ഈടാക്കിയിട്ടില്ല

1. ഇൻമൈൻഡ് സൈക്യാട്രിക് ആശുപത്രി

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റ് നമ്പർ 3/2012-13 തിയതി 30.1.13 പ്രകാരം ഇൻ മൈൻഡ് ഹോസ്പിറ്റൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റിന്റെ കാലാവധി 22.1.13 മുതൽ 21.1.16 വരെയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച മേൽ കെട്ടിടത്തിന് Partial Occupancy അനുവദിക്കുന്നതിനായി 9.11.16-ൽ അപേക്ഷിക്കുകയും (അപേക്ഷ നം.3726/16 തിയതി.9.11.16) ചെയ്തു. പെർമിറ്റ് കാലയളവിനുള്ളിൽ പെർമിറ്റ് പുതുക്കാൻ അപേക്ഷിക്കാത്തതിനാൽ കെ.എം.ബി.ആർ. റൂൾ 15A (4, 5) പ്രകാരം പെർമിറ്റ്

പുതുക്കുന്നതിനുള്ള ഫീസ് താഴെ പറയും പ്രകാരം ഈടാക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

permitted area-1942.42 $m^2$

permit renewal fee-1943x10x50%=9715/-

എന്നാൽ മേൽ തുക 9.11.16-ലെ ഡേ ബുക്കിൽ വരവു വന്നിട്ടില്ല. കൂടാതെ 19.1.17-ൽ വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചപ്പോൾ വസ്തു നികുതിയുടെ കൂടെ മേൽ തുക ഈടാക്കിയതായി കാണുന്നില്ല.

2. വിശാലാക്ഷി, മുത്തങ്ങാപറമ്പിൽ (കെട്ടിട നമ്പർ-XI/820A)

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റ് നമ്പർ 5/2011 തിയതി 5.1.11 പ്രകാരം 294 $m^2$ റസിഡൻഷ്യൽ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റിന്റെ കാലാവധി 5.1.11 മുതൽ 4.1.14 വരെയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 6.1.17-ൽ പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷിക്കുകയും പെർമിറ്റ് കാലയളവിനുള്ളിൽ പെർമിറ്റ് പുതുക്കാൻ അപേക്ഷിക്കാത്തതിനാൽ കെ.എം.ബി.ആർ. റൂൾ 15A (4, 5) പ്രകാരം പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസ് 294x7x50% =1029/- ഈടാക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുക ഈടാക്കിയിട്ടില്ല.

പെർമിറ്റ് ഫീ പുതുക്കലുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പെർമിറ്റ് പുതുക്കി നൽകിയതിനുള്ള ഫീ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-17 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വടക്കാഞ്ചേരി മുൻസിപ്പാലിറ്റി പരിധിയിലുള്ളതും 2016-17 വർഷം ഡി&ഒ ലൈസൻസ് എടുത്തതുമായ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1. വിസ പോളമേഴ്സ് (68.5hp)
2. പി.വി.സി. പൈപ്പ് ഫിറ്റിങ്ങ്സ് ആന്റ് മാന്യുഫാക്ചറിങ്ങ്
3. അകപാ സ്റ്റാർ, മുണ്ടത്തിക്കോട്
4. സൂപ്പർസ്റ്റാർ, മുണ്ടത്തിക്കോട്
5. എസ്.എസ്.പ്ളാസ്റ്റിക്സ്, മുണ്ടത്തിക്കോട്
6. വി.സ്റ്റാർ, മുണ്ടത്തിക്കോട്
7. സതേൺ സ്റ്റാർ, മുണ്ടത്തിക്കോട്
8. ദേവി ഫാസനേഴ്സ്, മുണ്ടത്തിക്കോട്
9. സ്റ്റാർ പ്ളാസ്റ്റിക്സ്, മുണ്ടത്തിക്കോട്
10. സെന്റൂറി ഇൻഡസ്ട്രീസ്, മുണ്ടത്തിക്കോട്
11. സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി
12. M/S സ്റ്റീൽ ആന്റ് ഇന്റസ്ട്രിയൽ ഫോർജിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, അത്താണി
13. വെസ്റ്റാർ പൈപ്പ് ഫിറ്റിങ്ങ് ആന്റ് മാന്യുഫാക്ചറിങ്ങ്
14. തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹായ സഹകരണ സംഘം

15 ഫെയർ ഡീൽ എന്റർപ്രൈസസ് (p) ലിമിറ്റഡ്

16 ഹീലിയോ പ്ളാസ്റ്റിക്സ്

17 മദർ പ്ളാസ്റ്റിക്സ്

18 സിജി പോളിമേഴ്സ്

19. TN ഓട്ടോ ആന്റ് ജനറൽ എഞ്ചിനീയറിങ്ങ് കോ-ഓപ്പറേറ്റീവ് പ്രൈവറ്റ് ലിമിറ്റഡ്

20 ഗോൾഡൻ ഇന്റർ നാഷണൽ, ഓട്ടുപാറ

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-18 സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തിക വർഷം ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഡിമാന്റ് രജിസ്റ്റർ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| - | XI/757 | വള്ളത്തോൾ റിസോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് |
| - | XI/758 | മോഡേൺ ഫുട്ട് വെയർ |
| 618 | X/206 | രഞ്ജിത്ത് ഗോപൻ മാരേജ് ബ്യൂറോ |
| 652 | 111/710 | ഇക്ബാൽ എം.എച്ച്., വി സ്ക്വയർ, പാർലിക്കാട് |
| | | |

| | | |
|---|---|---|
| 653 | III/1108 | അബ്ദുൾ ഷെഫി, സ്വർണ്ണാഭരണ വിൽപന |
| 691 | - | കൃഷ്ണപ്രാസാദ്, ഇൻഷുറൻസ് ട്രാവൽ ഏജൻസി, ഇവന്റ് മാനേജ്മെന്റ് |
| 716 | VII/399A | അഷ്റഫ് പുതുവീട്ടിൽ, ഹോളോബ്രിക്സ് നിർമ്മാണം |
| 720 | V/180 | കെ.പി.കുഞ്ഞുമോൻ കുമരനെല്ലൂർ, ഈസ്റ്റേൺ കറി പൗഡർ വിൽപന |
| 738 | I/394 | മുഹമദ് ഷബീർ അടക്ക സംഭരണം |
| 606 | 14/151 | പ്രസാദ്.എ.യു., നമ്പർ പ്ളേറ്റ് നിർമ്മാണം |
| 611 | XI/55 | കെ.രാജ് പോൾ, സ്റ്റേഷനറി പ്രൈവറ്റ് ഓഫീസ് |
| 754 | XI/637 | ടോസി ജോൺ ചിറ്റിലപ്പിള്ളി, സിവിൽ എൻജിനിയേഴ്സ് ആന്റ് ഡിസൈനേഴ്സ് |
| 297 | XIV/75D | ചലഞ്ചർ വി.അരവിന്ദ്, സ്റ്റുഡിയോ |
| 302 | XIV/142 | മൊബൈൽ ഫോൺ പ്രീമിയം പോയിന്റ് |
| 235 | - | ശരത് ചന്ദ്രൻ, പെട്രോൾ പമ്പ് |
| 320 | - | വി.ജെ. ചാക്കോ. ക്വാറി കല്ലംപാറ ഗ്രാനൈറ്റ് |

| | | |
|---|---|---|
| 325 | XII/569 | ജയൻ.എൻ., കീ ഡ്യൂപ്ളിക്കേഷൻ |
| 381 | III/815, 816 | സുബീഷ്, കഫേ കസിനോ, കോഫി ഷോപ്പ് |
| 443 | II/856 | അബ്ദുൾ ഖാദർ ഫുട് വെയർ |
| 487 | X/746 | രജീഷ്.കെ.രാജൻ, പാഴ്സൽ സർവീസ് |
| 496 | X/651 | ഒ.എം.മൊയ്തീൻകുട്ടി റെഡിമെയ്ഡ് മെൻസ്വയർ |
| 501 | V/280 | പി.കെ.മനോഹരൻ, ബോംബെ എൻജിനിയറിങ്ങ് വർക്ക്സ് |
| 507 | Xiv/577 | അശോകൻ, മംഗലം ഫർണ്ണീച്ചർ കട |
| 521 | XI/1275 | സേവ്യർ, ആയുർവേദ മരുന്നു വിൽപ്പന |
| 528 | I/621 | സുബൈർ കുമരനെല്ലൂർ, അലമാര മാന്യുഫാക്ചറിങ്ങ് |
| 545 | XI/731 | ജോൺസൺ തലോർ കൂൾബാർ ആന്റ് കോഫി ഷോപ്പ് |
| 562 | XIV | തോമസ് മാത്യു ചിറ്റിലപ്പിള്ളി, ഗ്രേയ്സ് ഗ്രാനൈറ്റ് |
| 568 | III/846 | സപ്ളൈകോ സൂപ്പർമാർക്കറ്റ് |

| | | |
|---|---|---|
| 574 | X/233 | ഹാഷീം.വി.എച്ച്., ഐഫിക്സ് കംപ്യൂട്ടേഴ്സ് |
| 582 | III/790 | തോമസ് തരകൻ, ഓട്ടുപാറ, ഗോൾഡൺ ഇന്ററർനാഷണൽ |
| 593 | 10/605 | സ.പി.ജോസഫ്, ചിറ്റിലപ്പിള്ളി, ബുക്ക് സ്റ്റോർ |
| 595 | III/1025 | റഷീദ് പുത്തൻപീടികയിൽ |
| 596 | XI/935 | എ.ഡി.വർഗീസ്, റെഡിമെയ്ഡ് ഷോപ്പ് |

മേൽ പറഞ്ഞ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ പരിധിയിൽ ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-19 ക്വാറി ഫയലുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല

2016-17 സാമ്പത്തിക വർഷം വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെയും മുണ്ടത്തിക്കോട് സോണൽ ഓഫീസിന്റെയും പരിധിയിലുള്ള ക്വാറികളുടെ ഫയൽ ഓഡിറ്റ് അന്വേഷണം (നമ്പർ 28/03.10.17) പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഡി&ഒ ലൈസൻസ് പരിശോധിച്ചതിൽ അനേകം ക്വാറികൾ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ചും മതിയായ രേഖകളുടെ അടിസ്ഥാനത്തിലാണോ ലൈസൻസ് അനുവദിച്ചതെന്നും അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാനായിട്ടില്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അടിസ്ഥാന സൗകര്യങ്ങളുടെയും, ജീവനക്കാരുടെയും അപര്യാപ്തത - വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു

30-04-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 148/2015/ത.സ്വ.ഭ.വ., 153/2015/ ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ ഭാഗമായി സംസ്ഥാനത്ത് രൂപീകരിയ്ക്കപ്പെട്ട 28 മുൻസിപ്പാലിറ്റികളിൽ ഒന്നായ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി അതിന്റെ പ്രവർത്തനം 01-11-2015ന് ആരംഭിച്ചു. വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തും, മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തും സംയോജിപ്പിച്ചു കൊണ്ട് രൂപീകൃതമായതാണ് വടക്കാഞ്ചേരി മുൻസിപ്പാലിറ്റി. നിലവിൽ 41 കൗൺസിൽ വാർഡുകളാണ് മുൻസിപ്പാലിറ്റിയിലുള്ളത്. 31-10-2015 തിയ്യതിയിൽ മേൽ ഗ്രാമപഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്ന തസ്തികകളുടെ വിവരം താഴെ പറയും പ്രകാരമാണ്.

| വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്ത് | | |
|---|---|---|
| ക്രമ നം. | തസ്തിക | എണ്ണം |
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |

| | | |
|---|---|---|
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 5 |
| 7 | ഓഫീസ് അറ്റന്ററന്റ് | 2 |
| 8 | ഫുൾ ടൈം സ്വീപ്പർ | 2 |
| 9 | പാർട്ട് ടൈം ബസ് സ്റ്റാന്റ് ഫീ കളക്ടർ | 1 |
| **<u>മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത്</u>** | | |
| 10 | സെക്രട്ടറി | 1 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 12 | ഹെഡ് ക്ലാർക്ക് | 1 |
| 13 | അക്കൗണ്ടന്റ് | 1 |
| 14 | സീനിയർ ക്ലാർക്ക് | 3 |
| 15 | ക്ലാർക്ക് | 4 |
| 16 | ഓഫീസ് അറ്റന്ററന്റ് | 1 |
| 17 | പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | | 31 |

ഇതിനു പുറമെ സാനിറ്റേഷൻ വാഹനത്തിന്റെ അടക്കം 3 എൽ.എം.വി. ഡ്രൈവർമാരും പ്രവർത്തിച്ചു വന്നിരുന്നു.

05-08-2016ലെ സർക്കാർ ഉത്തരവ് നമ്പർ 109/2016/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം താഴെ പറയും പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ളതാണ്.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | മുൻസിപ്പൽ സെക്രട്ടറി - ഗ്രേഡ്-III | 1 |
| 2 | സൂപ്രണ്ട് | 1 |
| 3 | ഹെഡ്ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ | 1 |
| 4 | സീനിയർ ക്ലാർക്ക് | 5 |
| 5 | ക്ലാർക്ക്/ ബിൽ കളക്ടർ | 5 |
| 6 | ഡി.ടി.പി. ഓപ്പറേറ്റർ | 1 |
| 7 | ഓഫീസ് അറ്റന്റന്റ് | 4 |
| 8 | എൽ.എം.വി. ഡ്രൈവർ | 1 |
| 9 | ഹെൽത്ത് ഇൻസ്പെക്ടർ- ഗ്രേഡ്-I | 1 |
| 10 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ- ഗ്രേഡ്-I | 1 |
| 11 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ- ഗ്രേഡ്-II | 2 |
| | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് | 1 |
| | കണ്ടിജന്റ് വർക്കർ | 15 |
| | സാനിറ്റേഷൻ വർക്കർ | 8 |
| ആകെ | റഗുലർ | 24 |
| | കണ്ടിജന്റ് | 23 |
| ഒട്ടാകെ | | **47** |

31-03-2017ലെ ശമ്പള ബിൽ പ്രകാരം നഗരസഭയിൽ പ്രവർത്തിച്ചു വരുന്നവരുടെ വിശദാംശം താഴെ പറയും വിധമാണ്.

മുൻസിപ്പാലിറ്റിയിൽ തുടരുന്ന പഞ്ചായത്ത് ജീവനക്കാർ

| **വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്ത്** | | |
|---|---|---|
| ക്രമ നം. | തസ്തിക | എണ്ണം |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 |
| 7 | ഓഫീസ് അറ്റന്റന്റ് | 1 |
| 8 | ഫുൾ ടൈം സ്വീപ്പർ | 1 |
| 9 | പാർടൈം ബസ് സ്റ്റാന്റ് ഫീ കളക്ടർ | 1 |
| **മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത്** | | |
| 12 | ഹെഡ് ക്ലാർക്ക് | 1 |
| 14 | സീനിയർ ക്ലാർക്ക് | 2 |
| 15 | ക്ലാർക്ക് | 4 |
| 16 | ഓഫീസ് അറ്റന്റന്റ് | 1 |
| 17 | പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | | 23 |

05-08-2016ലെ സർക്കാർ ഉത്തരവ് നമ്പർ 109/2016/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിതരായ നഗരസഭാ ജീവനക്കാർ

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| | മുൻസിപ്പൽ സെക്രട്ടറി - ഗ്രേഡ്-III | 1 |
| | ഹെഡ്ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ | 1 |
| | ക്ലാർക്ക്/ബിൽ കളക്ടർ | 4 |
| | ഓഫീസ് അറ്റന്റന്റ് | 4 |
| | ഹെൽത്ത് ഇൻസ്പെക്ടർ - ഗ്രേഡ്-I | 1 |
| | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ- ഗ്രേഡ്-I | 1 |
| | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് | 1 |
| ആകെ | | **13** |

## താല്ക്കാലിക ജീവനക്കാർ

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | Civil Registration Data Entry Operator | 1 |
| 2 | Data Entry Operator | 3 |
| 3 | ഡ്രൈവർ | 3 |

| | | |
|---|---|---|
| 4 | ടെക്നിക്കൽ അസിസ്റ്റന്റ് | 2 |
| 5 | Medical collegs Kiosk Messenger & Data Entry Operator | 1 |
| 6 | ഫീൽഡ് സ്വീപ്പർ | 1 |
| 7 | സി.എൽ.ആർ. | 1 |
| **അയ്യങ്കാളി നഗര തൊഴിലുറപ്പ്** | | |
| 8 | ഓവർസീയർ | 1 |
| 9 | Data Entry Operator cum Accountant | 1 |
| ആകെ | | 14 |

മേൽ പറഞ്ഞതിൽ മുൻസിപ്പാലിറ്റിയിൽ തുടർന്നു വന്നിരുന്ന പഞ്ചായത്ത് ജീവനക്കാരിൽ പലരും ഈ ഓഡിറ്റ് തുടങ്ങുന്നതിനു മുൻപുതന്നെ തങ്ങളുടെ മാതൃ വകുപ്പിലേയ്ക്ക് തിരിച്ചു പോയിക്കഴിഞ്ഞു, ബാക്കി തുടരുന്നവർ സമീപഭാവിയിൽ തങ്ങളുടെ മാതൃ വകുപ്പിലേയ്ക്ക് തിരിച്ചുപോകുമെന്ന സ്ഥിതി വിശേഷം നിലനില്ക്കുന്നു. ആയത് മുൻസിപ്പാലിറ്റിയുടെ പ്രവർത്തനത്തെ തന്നെ പ്രതികൂലമായി ബാധിക്കും എന്ന സ്ഥിതി വിശേഷം നിലനില്ക്കുന്നു. ആയതു പരിഹരിയ്ക്കുന്നതിന് 05-08-2016ലെ സർക്കാർ ഉത്തരവ് നമ്പർ 109/2016/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-2 2016-17ൽ നഗരസഭ 26660755/- രൂപ ലാപ്സാക്കി

2016-17 വർഷത്തിൽ നഗരസഭക്ക് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റിന്റേയും നഗരസഭ തൻവർഷം ചെലവഴിച്ച തുകയുടേയും ലാപ്സായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|
| പൊതുവിഭാഗം വികസന ഫണ്ട് | 23992878 | 20597802 | 3395076 |
| വികസന ഫണ്ട് എസ്.സി.പി. | 14236341 | 8499529 | 5736812 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 12230240 | 4973087 | 7257153 |
| ലോകബാങ്ക് ധനസഹായം | 11171033 | 5183136 | 5987897 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 6871410 | 4756236 | 2115174 |
| റോഡ് സംരക്ഷണ ഗ്രാന്റ് | 12600885 | 10432242 | 2168643 |
| ആകെ | 81102787 | 54442032 | 26660755 |

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 2 കോടി 66 ലക്ഷം രൂപയോളമാണ് തൻവർഷം ലാപ്സാക്കി കളഞ്ഞത്. നിബന്ധനകൾക്ക് വിധേയമായി മാത്രമേ സ്പിൽ ഓവർ പ്രവൃത്തികൾക്ക് സർക്കാർ 2017-18 വർഷത്തിൽ വിഹിതം അനുവദിക്കുകയുമുള്ളൂ. സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് നഗരസഭ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

# 3-3 നിയമപ്രകാരമുള്ള സമയപരിധി കഴിഞ്ഞിട്ടും പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത ജീവനക്കാർ സർവ്വീസിൽ തുടരുന്നു

സെറിഫെഡിൽ നിന്നും പഞ്ചായത്ത് സർവ്വീസിൽ നിയമിതരായി 02-08-2010 മുതൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച വടക്കാഞ്ചേരി നഗരസഭയിലെ ശ്രീ.രാജേഷ് കുമാർ.കെ.ആർ., ശ്രീ.ഷെയ്ക്ക് അബ്ദുൾ സക്കീർ.എസ്. എന്നീ ജീവനക്കാർ, നാളിതുവരെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയായതായി പ്രഖ്യാപിയ്ക്കപ്പെടാതെ സർവ്വീസിൽ തുടർന്നുവരുന്നു. 1994ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ്സ് സർവ്വീസ് ചട്ടങ്ങൾ, ചട്ടം-8 പ്രകാരം, എൽ.ഡി.ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 3 വർഷത്തെ സർവ്വീസിനുള്ളിൽ 2 വർഷം എന്നതാണ്. എന്നാൽ 6 വർഷത്തിലധിക കാലമായിട്ടും, ഈ ജീവനക്കാർ ചട്ടം അനുശാസിയ്ക്കുന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ പാസ്സായിട്ടില്ലാത്തതും, പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതുമാണ്. എന്നാൽ ഇവർക്ക് 1958-ലെ കേരള സബോർഡിനേറ്റ്സ് സർവ്വീസ് ചട്ടങ്ങൾ, ചട്ടം-19 (a) (ii), 21 എന്നിവ പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു നൽകിയതായോ, ചട്ടം-22-ൽ നിർദ്ദേശിച്ചിരിയ്ക്കുന്നതായ നിയമ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ഈ കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ശ്രീ.രാജേഷ് കുമാർ.കെ.ആർ.ന്, 16-12-2011ന് 10480-18500 ശമ്പള നിരക്കിൽ ആദ്യത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ശമ്പളം ₹13540/- രൂപയായി നിശ്ചയിക്കുകയും, തുടന്ന് എല്ലാ വർഷവും വാർഷിക ശമ്പള വർദ്ധനവ് അനുവദിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. വാർഷിക ശമ്പള വർദ്ധനവ് അനുവദിച്ച നടപടി കേരള സർവ്വീസ് റൂൾ വോള്യം-1 റൂൾ-37 B(b)-യ്ക്ക് വിരുദ്ധമായാണ്. കൂടാതെ ശ്രീ.രാജേഷ് കുമാർ.കെ.ആർ., ശ്രീ.ഷെയ്ക്ക് അബ്ദുൾ സക്കീർ.എസ്. എന്നവർക്ക് 2014-ലെ ശമ്പള പരിഷ്ക്കരണം അനുവദിച്ചുകൊണ്ട് ശമ്പള നിർണ്ണയം നടത്തിയപ്പോൾ പ്രസ്തുത ശമ്പള പരിഷ്ക്കരണ ഉത്തരവ് 20-01-2016ലെ G.O.(P)No.7/2016/Fin., അനുബന്ധം-II ഖണ്ഡിക-11 ലെ നിർദ്ദേശത്തിനു വിരുദ്ധമായി സർവ്വീസ് വെയ്റ്റേജും കൂടി ഉൾപ്പെടുത്തി ശമ്പളം നിർണ്ണയിച്ചിരിയ്ക്കുന്നു. ഈ നടപടികൾ മൂലം ക്രമവിരുദ്ധമായി ശമ്പളയിനത്തിൽ

അധികമനുവദിച്ച തുക Due-Drawn Statement തയ്യാറാക്കി തിരികെ പിടിയ്ക്കേണ്ടതും, ആ കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 കോൺട്രിബ്യൂട്ടറി പെൻഷൻ-നഗരസഭ ജീവനക്കാരുടെ പെൻഷൻ വിഹിതം അടവാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

വടക്കാഞ്ചേരി നഗരസഭ ജീവനക്കാരിൽ നിന്നും പെൻഷൻ അക്കൗണ്ടിൽ അടവാക്കുന്നതിന് ശമ്പളത്തിൽ നിന്നുള്ള വിഹിതമോ, നഗരസഭ വിഹിതമോ ഈടാക്കുകയോ അടവാക്കുകയോ ചെയ്യുന്നില്ല. കൂടാതെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കുന്ന ജീവനക്കാരിൽ നിന്നും നഗരസഭാ വിഹിതത്തോടൊപ്പം ആയത് അടവാക്കുകയും ചെയ്യിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

<u>ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കാത്തവർ</u>

| | ജീവനക്കാരൻ | തസ്തിക | ജോലിയിൽ പ്രവേശിച്ച തിയതി | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | പ്രിയ.വി. | ബിൽ കളക്ടർ | | 19000-43600 |
| 2 | രെജി.വി.ആർ. | ബിൽ കളക്ടർ | | 19000-43600 |
| 3 | സഞ്ചേഷ്.വി.എസ്. | ഓഫീസ് അറ്റൻഡന്റ് | | 16500-35700 |
| 4 | വിമൽ.ടി.വി. | ഓഫീസ് അറ്റൻഡന്റ് | | 16500-35700 |

| | | | | |
|---|---|---|---|---|
| 5 | അജീഷ്.കെ.എസ്. | ഓഫീസ് അറ്റൻഡന്റ് | | 16500-35700 |
| 6 | ഉണ്ണിക്കുട്ടൻ.കെ. | ഓഫീസ് അറ്റൻഡന്റ് | | 16500-35700 |

<u>ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കുന്നുവെങ്കിലും പെൻഷൻ അക്കൗണ്ടിൽ അടവാക്കാത്തവർ</u>

| ജീവനക്കാർ | തസ്തിക | ജോലിയിൽ പ്രവേശിച്ച തിയതി | ശമ്പള സ്കെയിൽ | ഈടാക്കുന്ന പെൻഷൻ വിഹിതം |
|---|---|---|---|---|
| പ്രീജ.കെ.എസ്. | ബിൽ കളക്ടർ | | 19000-42600 | 2128/- |

ജീവനക്കാർക്ക് PRAN നമ്പർ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 മത്സ്യ മാർക്കറ്റ് കെട്ടിടം - നിയമവിരുദ്ധമായി ബിൽഡിംഗ് ടാക്സ് അടവാക്കി

വൗച്ചർ നമ്പർ - 21600370/ 21.6.16

തുക - 36000/-

തലപ്പിള്ളി താലൂക്ക് തഹസിൽദാരുടെ 29.3.16ലെ നം.10/392/16/84 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം വടക്കാഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള മത്സ്യ മാർക്കറ്റ് കെട്ടിടത്തിന്റെ 10.2.1992

മുതലുള്ള ബിൽഡിങ്ങ് ടാക്സ് അടവാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ നമ്പർ വൗച്ചർ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

1975ലെ കേരള ബിൽഡിങ്ങ് ടാക്സ് ആക്ട് വകുപ്പ് 3(എ) പ്രകാരം ഈ നിയമം കേരള സർക്കാരിന്റെയോ, ഭാരത സർക്കാരിന്റെയോ, ലോക്കൽ അതോറിറ്റികളുടെയോ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ബാധകമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തഹസിൽദാരുടെ ഡിമാന്റ് നോട്ടീസ് പ്രകാരം കുമരനെല്ലൂർ വില്ലേജ് ഓഫീസിൽ അടവാക്കിയ മേൽ തുക തിരികെ ലഭ്യമാക്കി നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-6 ത്രിവേണി സൂപ്പർമാർക്കറ്റ് കെട്ടിടം - വാടക കരാർ പുതുക്കിയിട്ടില്ല

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരം ത്രിവേണി സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനായി മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിലെ ശ്രീ.ലതീന്ദ്രൻ എന്നവരുടെ XVII/195A കെട്ടിടം കൺസ്യൂമർഫെഡിന് സൗജന്യമായി അനുവദിക്കുകയും കെട്ടിടത്തിന്റെ വാടക ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തു വരുന്നു. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് കെട്ടിട ഉടമയുമായി ഏർപ്പെട്ട കരാർ ഉടമ്പടി പ്രകാരം കരാർ കാലാവധി 13.12.13 മുതൽ 3 വർഷത്തേക്കാണ്. ആയതു പ്രകാരം കരാർ കാലാവധി 13.12.16ൽ അവസാനിച്ചിരിക്കുകയാണ്. എന്നാൽ ഓഡിറ്റ് തീയതി വരെയും കരാർ പുതുക്കിയതായി കാണുന്നില്ല.

കരാർ പുതുക്കിയതിനുശേഷം മാത്രം വാടക തുടർന്ന് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതി - ലോൺ തിരിച്ചടവ് രേഖകൾ സൂക്ഷിക്കുന്നില്ല

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി പുതുരുത്തി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 25000000/- രൂപ വായ്പയെടുക്കുന്നതിന് ത.സ്വ.ഭ.വ. (ഡി.ബി.) വകുപ്പ് നം.61507/ഡി.ബി.1/14/ത.സ്വ.ഭ.വ. തിയതി.22.11.14 സർക്കാർ അനുമതി ലഭ്യമാകുകയും ആയതു പ്രകാരം വായ്പയെടുത്ത് പദ്ധതി നടപ്പാക്കുകയും ചെയ്തു. 2014-15 സാമ്പത്തിക വർഷം മുതൽ വായ്പ തുക പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം വായ്പയുടെ പലിശ അടവാക്കുന്നതിന് പുതുരുത്തി സർവ്വീസ് സഹകരണ ബാങ്കിന് താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കുറിപ്പുകൾ |
|---|---|---|
| 21600188/ 4.5.16 | 499235/- | പുതുരുത്തി SCB യ്ക്ക് ചെക്ക് നം.122275/4.5.16 പ്രകാരം 5 തവണയുടെ പലിശ അനുവദിച്ചത് |
| 21600493/ 18.7.16 | 62827/- | പുതുരുത്തി SCB യ്ക്ക് ചെക്ക് നം.00178/18.716 പ്രകാരം പലിശ അനുവദിച്ചത് |
| 21601760/ 27.3.17 (പ്രൊ.നം.290/17) | 789300/- | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ അത്താണി ശാഖയിൽ ചെക്ക് നം.0440863/28.3.17 പ്രകാരം അനുവദിച്ചത് |

| | | |
|---|---|---|
| ആകെ | 1351362/- | |

വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ബാങ്കിന്റെ കൈപ്പറ്റ് രസീതി, ബാങ്ക് പാസ്ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റ്, ലോൺ രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. പലിശ അടവാക്കുന്നതിനായി പിൻവലിച്ച 1351362/- രൂപ രേഖകൾ ഹാജരാക്കുന്നതു വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി അഡ്വാൻസ് തുക അനുവദിച്ച താഴെ പറയുന്ന അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുകയോ, അഡ്ജസ്റ്റ്മെന്റ് വൗച്ചറുകൾ എഴുതുകയോ ചെയ്യിട്ടില്ല.

| ക്രമ നം. | വൗച്ചർ നമ്പർ | ആവശ്യകത | കൈപ്പറ്റിയ ആൾ | തുക | |
|---|---|---|---|---|---|
| 1 | 21600498/ 18.7.16 | തിരുവനന്തപുരം യാത്ര | നഗരസഭ ചെയർപേഴ്സൺ | 2000 | - |
| 2 | 21600528/ 27.7.16 | തിരുവനന്തപുരം യാത്ര | നഗരസഭ ചെയർപേഴ്സൺ | 2000 | - |
| 3 | 21601035/ 16.11.16 | തിരുവനന്തപുരം യാത്ര | നഗരസഭ ചെയർപേഴ്സൺ | 2000 | - |
| 4 | 21601120/ 30.11.16 | തിരുവനന്തപുരം യാത്ര | നഗരസഭ ചെയർപേഴ്സൺ | 2000 | - |

| | | | | | |
|---|---|---|---|---|---|
| 5 | 21601577/ 20.2.17 | തിരുവനന്തപുരം യാത്ര | നഗരസഭ ചെയർപേഴ്സൺ | 2000 | - |
| 6 | 21601703/ 15.3.17 | തിരുവനന്തപുരം യാത്ര | നഗരസഭ ചെയർപേഴ്സൺ | 2000 | - |
| 7 | 11601184/ 8.12.16 | കേരളോത്സവം- ചെലവുകൾക്കായി അനുവദിച്ചത് | നഗരസഭ ചെയർപേഴ്സൺ | 10000 | 1329/- രൂപയുടെ സ്റ്റേഷനറി ബിൽ മാത്രം ഹാജരാക്കി |
| 8 | 21601263/ 29.12.16 | മുകുന്ദരാജ സാംസ്ക്കാരികോത്സവം | ശ്രീമതി.ടി.എൻ. ലളിത ടീച്ചർ | 20000 | - |

ജി.ഒ.(പി)419/2011 ധനം 4.10.11 പ്രകാരം മൂന്ന് മാസത്തിനകം അഡ്ജസ്റ്റ് ചെയ്യാത്ത മുൻകൂറുകൾക്ക് 18% പലിശ ഈടാക്കേണ്ടതാണ്. അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ

വടക്കാഞ്ചേരി നഗരസഭയുടെ കീഴിൽ 4 വാഹനങ്ങൾ ഉപയോഗിച്ചു വരുന്നു.

1. KL-48 -3027 - നഗരസഭ ചെയർപേഴ്സൺ ഉപയോഗിക്കുന്നത്

2. KL-48F 777 - പെയിൻ&പാലിയേറ്റിവ് കെയറിനു വേണ്ടി ഉപയോഗിക്കുന്നത്

3. KL48F-1691 - നഗരസഭ ആവശ്യം

4. KL-48G-6125 - മാലിന്യ പരിപാലനത്തിനായി ഉപയോഗിക്കുന്നത്

ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ പ്രധാന അപാകത താഴെ കൊടുക്കുന്നു.

1. മേൽപ്പറഞ്ഞ 4 വാഹനങ്ങളുടെയും ലോഗ്ബുക്കിൽ ഓരോ മാസവും ഉപയോഗിച്ച ഇന്ധനത്തിന്റെയും വാഹനത്തിൽ നീക്കിയിരിപ്പുള്ള ഇന്ധനത്തിന്റെയും സംഗ്രഹം മാസാന്ത്യത്തിൽ രേഖപ്പെടുത്തുന്നില്ല.

2. ഇന്ധനം നിറച്ചതിന്റെയോ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെയോ വിവരങ്ങൾ മാലിന്യ പരിപാലനത്തിനായി ഉപയോഗിക്കുന്നു. (KL-48G-6125)

വാഹനത്തിൽ 31.12.16 വരെ രേഖപ്പെടുത്തിയിട്ടില്ല.

3. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്കിലെ എല്ലാ രേഖപ്പെടുത്തലുകളും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. ഇന്ധനവില അധികമായി അനുവദിച്ചു.

വൗച്ചർ നം.21601415/ 19.1.17 പ്രകാരം 14335/- രൂപ നഗരസഭ ചെയർപേഴ്സൺ ഉപയോഗിക്കുന്ന KL-48 -3027-ന് ഇന്ധനം നിറച്ച വകയിൽ രാമൻ നായർ&സൺസ്, ഓട്ടുപാറയ്ക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ 21.11.16-ലെ കാഷ് ബിൽ പ്രകാരം (നം.11967/ 21.11.16) 33.10 1 ന്റെ ബിൽ സ്ഥാപനം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇൻഡന്റ് നം.11967/21.11.16-ലും, ലോഗ്ബുക്ക് പേജ് 179-ലും ഇന്ധനത്തിന്റെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 19.60 1 ആണ്. കാഷ് ബിൽ പ്രകാരം കൂടുതലായി അനുവദിച്ച തുക താഴെ കൊടുക്കുന്നു.

| അളവ് ലിറ്ററിൽ | രൂപ | ആകെ |
|---|---|---|
| 33.10 | 59.21 | 1960 |
| 19.60 | 59.21 | 1160 |

| | | |
|---|---|---|
| | വ്യത്യാസം | 1960-1160=800 |

ഇപ്രകാരം അധികമായി അനുവദിച്ച 800/- രൂപ തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.3/8.6.17).

## 3-10 വാടക - ഡെപ്പോസിറ്റ് റീഫണ്ട് - വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയില്ല

2014-15 സാമ്പത്തിക വർഷം കെ.കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ XI/743 കെട്ടിടം ലേലത്തിൽ എടുത്ത ശ്രീ.രാജേഷ്.പട്ടിളത്ത് എന്നവർ 21.2.15ൽ 165000/- രൂപ വാടക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം മുഴുവനായും വാടക കുടിശ്ശിക വരുത്തിയ ശ്രീ.രാജേഷ് 4.5.2016-ൽ മുറി ഒഴിവാക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും, (ഭരണസമിതി തീരുമാനം ലഭ്യമായില്ല), ഡെപ്പോസിറ്റ് തുക വൗച്ചർ നം.21600523/ 25.7.16 പ്രകാരം 110902/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

ഡെപ്പോസിറ്റ് തുകയിൽ നിന്നും നഗരസഭ ഈടാക്കിയ തുകകൾ

വാടക കുടിശ്ശിക - 1/4/15 മുതൽ 31/3/16 വരെ പ്രതിമാസം 4000/- രൂപ

നിരക്കിൽ-4000x12 = 48000

സർവ്വീസ് ടാക്സ് - 6588

പിഴ പലിശ - 5440

----------

54098

വാടകക്കാരൻ 4.5.16ൽ മാത്രമാണ് മുറി ഒഴിവാക്കാൻ അപേക്ഷ നൽകിയത് എന്നിരിക്കെ 4/16ൽ അനധികൃതമായി മുറി കൈവശം വെച്ച വാടകക്കാരനിൽ നിന്നും 4/16-ലെ വാടക ഈടാക്കാതിരുന്നതിന് തൃപ്തികരമായ വിശദീകരണം നഗരസഭ നൽകിയിട്ടില്ല.

കെ.കരുണാകരൻ സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങളിലെ വൈദ്യുതി ബന്ധം പൂർണ്ണമായി വിഛേദിക്കാതിരിക്കുന്നതിന് വൗച്ചർ നം.21600240/24.5.16 പ്രകാരം 8406/- രൂപ കെ.എസ്.ഇ.ബി.യിൽ അടവാക്കിയിട്ടുണ്ട്. ആയതിൽ മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ വൈദ്യുതി ബിൽ 861/- രൂപ (കൺസ്യൂമർ നം.27745) കൂടി ഉൾപ്പെടുന്നു. 25.7.16ൽ വാടക ഡെപ്പോസിറ്റ് റീഫണ്ട് ചെയ്ത് നൽകിയപ്പോൾ മേൽപ്പറഞ്ഞ വൈദ്യുതി ബിൽ കൂടി വാടകക്കാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

വാടക ഡെപ്പോസിറ്റ് റീഫണ്ട് ചെയ്തു നൽകിയപ്പോൾ നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന വാടക കുടിശ്ശിക, വൈദ്യുതി ബിൽ, വെള്ളക്കരം എന്നിവ വാടകക്കാരനിൽ നിന്നും ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-11 രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ചെലവുകളുടെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | വൗച്ചർ നമ്പർ | ആവശ്യകത | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21600043/ 7.4.16 | മാരാത്തുകുന്ന് കോളനി, എച്ച്.എം.സി കോളനി കുടിവെള്ള പദ്ധതി യീൽഡ് ടെസ്റ്റ് | 6600/- | കൈപ്പറ്റ് രസീതി, ടെസ്റ്റ് റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | നടത്തുന്നതിന് GWD അടവാക്കുന്നത് | | |
| 2 | 21600210/ 10.5.16 | അഡ്വക്കേറ്റ് ഫീ നൽകിയത് (wpcno.9604/16) | 5000/- | കൈപ്പറ്റ് രസീതി |
| 3 | 21661131/ 1.12.16 | ലൈബ്രറി സെസ് അടവാക്കിയത് | 119652 | കൈപ്പറ്റ് രസീതി |
| 4 | 21601136/ 1.12.16 | കേരളോത്സവം – റഫറിമാർക്ക് തുക നൽകുന്നതിന് | 16150/- | കൈപ്പറ്റ് രസീതി |
| 5 | 21601211/ 9.12.16 | കേരളോത്സവം - റഫറിമാർക്ക് തുക നൽകുന്നതിന് | 12500/- | ഹരി.പി.പി.യുടെ കൈപ്പറ്റ് രസീതി ഉണ്ട്. വിതരണ രേഖകൾ ഇല്ല |
| 6 | 21600145/ 4.5.16 | 35, 41 ഡിവിഷനുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് DWS ലിങ്ക് ചെയ്യുന്നതിന് GWDൽ അടയ്ക്കേണ്ട തുക | 20000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 7 | 21601343/ 12.1.17 | ഡിവിഷൻ 30ലെ പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബിയിൽ അടവാക്കിയത് | 5700 | വിനിയോഗ സാക്ഷ്യപത്രം |
| 8 | 21600712/ 30.8.16 | മുണ്ടത്തിക്കോട്ട് ഗ്രാമപഞ്ചായത്തിന്റെ നെൽവയൽ | 5000 | കൈപ്പറ്റ് രസീതി |

| | | | | |
|---|---|---|---|---|
| | | തണ്ണീർത്തട ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് | | |
| 9 | 21600646/ 12.8.16 | 70-ാം സ്വാതന്ത്ര്യദിനം- തലപ്പിള്ളി താലൂക്ക് തഹസിൽദാർക്ക് നൽകിയത് | 5000 | കൈപ്പറ്റ് രസീതി |
| 10 | 21600620/ 5.8.16 | ഫിഷ് മാർക്കറ്റ് കെട്ടിടം- കറന്റ് കണക്ഷന് കെ.എസ്.ഇ.ബി.ക്ക് നൽകിയത് | 13250/- | വിനിയോഗ സാക്ഷ്യപത്രം |

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 2,08,852/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 വനിത എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്-കോസ്റ്റേഫാർഡിന് മുൻകൂർ തുക അനുവദിച്ചു-പരിശീലനം ആരംഭിച്ചില്ല

പ്രോജക്ട് നമ്പർ: 257/2017

പ്രോജക്ടിന്റെ പേര്: വനിത എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ: ICDS സുപ്പർവൈസർ,

വടക്കാഞ്ചേരി നഗരസഭ

വികസന ഫണ്ട് പൊതുവിഭാഗത്തിൽ (വനിത ഘടക പദ്ധതി) ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള പ്രോജക്ടിൽ, ഹൗസ് കീപ്പിംഗ്, ഗാർഡനിങ്ങ്, ജെറിയാർട്ടിക് കെയർ, മേസൻ, പ്ലംബിങ്ങ്, ടൈലറിങ്ങ്, സ്കിൽ അപ്ഗ്രഡേഷൻ, കേറ്ററിങ്ങ് തുടങ്ങിയ മേഖലയിൽ വനിതകൾക്ക് പരിശീലനം നല്കുന്നതിനായാണ് വിഭാവനം ചെയ്തിരിയ്ക്കുന്നത്. 2016-17 വർഷത്തിൽ ആകെ 18,50,000 രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന

പദ്ധതിയിൽ നിന്നും 4,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക പദ്ധതിയുടെ നടത്തിപ്പിനായി മുൻകൂറായി 03-04-2017ന് രശീതിനമ്പർ 432255 ആയി COSTFORD-ന് ഒടുക്കിയതായി കാണുന്നു. എന്നാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തതയില്ലാത്തതാണ്.

1) പദ്ധതിയുടെ വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2) പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ, 2016-17 വാർഷിക പദ്ധതി, സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ:4/2016/ത.സ്വ.ഭ.വ. തിയ്യതി:11.01.2016, ഭാഗം 4 ഖണ്ഡിക 11.5.(iii) പ്രകാരം കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, വ്യവസായ വകുപ്പ്, തുടങ്ങി സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശീലന സ്ഥാപനങ്ങൾ, കാർഷിക സർവ്വകലാശാല പോലുള്ള സ്ഥാപനങ്ങൾ, K- STED പോലുള്ള സർക്കാർ പരിശീലന സ്ഥാപനങ്ങൾ എന്നിവയിലൂടെ മാത്രമേ തൊഴിൽ പരിശീലനം നല്കാവൂ. എന്നാൽ ഇതിലൊന്നും പെടാത്ത COSTFORDനെ തൊഴിൽ പരിശീലന പദ്ധതിയുടെ നിർവ്വഹണ എജൻസിയായി നിശ്ചയിച്ചതിലും, COSTFORD-ന് തൊഴിൽ പരിശീലന പദ്ധതിയുടെ പദ്ധതി നടത്തിപ്പിനായി മുൻകൂർ അനുവദിച്ചതിലുമുള്ള കാരണം അറിയിക്കേണ്ടതാണ്.

3) Contract Agreement, ഖണ്ഡിക 3.2 IV-ൽ തൊഴിൽ പരിശീലന പദ്ധതിയുടെ നടത്തിപ്പിനായുള്ള മുൻകൂർ ലഭ്യമാക്കി 7 ദിവസത്തിനകം, രണ്ടാം കക്ഷിയായ COSTFORD പരിശീലനം ആരംഭിയ്ക്കും എന്നു വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കുകയോ, പരിശീലനം ആരംഭിക്കുകയോ ചെയ്തിട്ടില്ല.

4) Contract Agreement, ഖണ്ഡിക 6-ൽ തൊഴിൽ പരിശീലന പദ്ധതിയുടെ രീതിശാസ്ത്രം (methodology) അനുബന്ധം-1 ആയി നല്കിയിരിയ്ക്കുന്നതായി പരാമർശിച്ചിരിയ്ക്കുന്നു. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ Contract Agreement-ൽ അനുബന്ധം-1 ചേർത്തിട്ടില്ലാത്തതാണ്.

5) Contract Agreement, ഖണ്ഡിക 8-5 ൽ രണ്ടാം കക്ഷിയായ COSTFORD പദ്ധതിയുടെ ഭാഗമായി പരിശീലനാർത്ഥികൾക്ക് നല്കുന്ന തൊഴിൽ പരിശീലന, പഠന ഉപകരണങ്ങൾ അനുബന്ധം-3&4

ആയി നല്കിയിരിയ്ക്കുന്നതായി പരാമർശിച്ചിരിയ്ക്കുന്നു. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ Contract Agreement-ൽ അനുബന്ധം- 3&4 എന്നിവ ചേർത്തിട്ടില്ലാത്തതാണ്.

6) Contract Agreement, ഖണ്ഡിക 10 ൽ, പരിശീലന പദ്ധതിയുടെ ബജറ്റ് Agreementനൊപ്പം ചേർത്തിരിയ്ക്കുന്നതായി പറയുന്നു. പരിശോധനയ്ക്ക് ഹാജരാക്കിയ Contract-ൽ ബജറ്റ് ചേർത്തിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ:22/09.06.17)

## 3-13 രാജീവ്ഗാന്ധി ഭവനനിർമ്മാണ പദ്ധതി - (വടക്കാഞ്ചേരി മേഖല) അപാകതകൾ

1) അക്വിറ്റൻസ് രജിസ്റ്ററിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചു.

രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതിയുടെ, മുൻസിപ്പാലിറ്റിയിലെ ക്യാഷ് ബുക്ക് പ്രകാരം 23-01-2017 തിയ്യതിയിൽ, ചെക്ക് നമ്പർ 122109 പ്രകാരം 'രാധ.പി.'എന്നവർക്ക് ₹25,000/- അനുവദിച്ചിട്ടുണ്ട്. (പേരു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. മേൽവിലാസം ലഭ്യമല്ല). ആയത് 16-02-2017 തിയ്യതിയിൽ, TDCB വടക്കാഞ്ചേരി ശാഖയിലെ അക്കൗണ്ട് നമ്പർ:80007484817യിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതി അക്വിറ്റൻസ് പ്രകാരം ഗുണഭോക്താക്കളുടെ പട്ടികയിൽ രാധ.പി. എന്ന പേര് ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ഇവരെ ഗുണഭോക്തായി തെരഞ്ഞെടുത്തു കൊണ്ടുള്ള കമ്മറ്റി തീരുമാനം, ഇവരുടെ ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ്, പണം കൈപ്പറ്റിയതിന്റെ രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) അക്വിറ്റൻസ് രജിസ്റ്ററിൽ കൈപ്പറ്റ് രേഖപ്പെടുത്തിയ ഗുണഭോക്താവിന്റെ ചെക്ക് നാളിതുവരെ കാഷ് ചെയ്തിട്ടില്ല.

രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതി അക്വിറ്റൻസ് രജിസ്റ്റർ പേജ് 176-ൽ മിസിരിയ പുത്തൻപീടികയിൽ, പരുത്തിപ്ര എന്നവരുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയതായും, ആയതിന്റെ അടിസ്ഥാനത്തിൽ 02-03-2017 തിയ്യതിയിൽ അവസാന ഗഡു ₹95,000/ ചെക്ക്

നമ്പർ:122114 പ്രകാരം അനുവദിച്ചതായും, പ്രസ്തുത തുക കൈപ്പറ്റിയതിന്റെ വിരളടയാളം പ്രസ്തുത പേജിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.എന്നാൽ പ്രസ്തുത തുക TDCB വടക്കാഞ്ചേരി ശാഖയിലെ അക്കൗണ്ട് നമ്പർ:80007484817യിൽ നിന്നും പിൻവലിച്ചതായി ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

3) ഫയലുകൾ ഹാജരാക്കിയില്ല.

രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതി ക്യാഷ് ബുക്ക് പ്രകാരം 2016-17 വർഷത്തിൽ ₹10,20,000/- ഗുണഭോക്താക്കൾക്കായി (TDCB വടക്കാഞ്ചേരി ശാഖയിലെ അക്കൗണ്ട് നമ്പർ:80007484817, ചെക്ക് നമ്പർ 122086 മുതൽ 122117 വരെ) വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ഫയലുകൾ, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. ഇവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 09-05-2017-ന് നല്കിയ ഓഡിറ്റ് എൻകചയറിയ്ക്ക് മറുപടി നല്കിയില്ല .

## 3-14 കരാറുകാരൻ ആദായനികുതി അടവാക്കിയില്ല

ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം കരാറുകാരൻ കരാർ തുകയുടെ 1% നിരക്കിൽ ആദായ നികുതി അടക്കേണ്ടതായുണ്ട്. എന്നാൽ വടക്കാഞ്ചേരി നഗരസഭ 2016-17 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ, കരാറുകാരന് തുക നൽകിയപ്പോൾ ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര് | തുക | തുക നൽകിയതിന്റെ |
|---|---|---|---|

| | | | വിവരം |
|---|---|---|---|
| തെരുവ് വിളക്ക് റിപ്പയർ | റിയാസ്.സി. പവർ ഇലക്ട്രിക്കൽസ് | 175000 | ബിൽ നം.2/16-17 തി.9/9/16 |
| സ്ട്രീറ്റ് ലൈറ്റ് ആനുവൽ മെയിന്ററനൻസ് | അബ്ദുൾ കബീർ, തുറക്കൽ പറമ്പിൽ | 350000 | 3/16-17 തീയതി.09/09/16 |
| | | 175000 | 15/16-17 തീയതി.17/01/17 |
| | | 175000 | 49/16-17 തീയതി.30/03/17 (ഈ ബില്ലിൽ ട്രഷറിയിൽ നിന്നും കിട്ടിയ തുകയായി കാണിച്ചിരിക്കുന്നത് 168000/- ആണ്.) |
| സി.എഫ്.എൽ. സ്ഥാപിക്കൽ | അബ്ദുൾ കബീർ, തുറക്കൽ പറമ്പിൽ | 68460 | ബിൽ നം. 4/16-17 |
| | | 31540 | ബിൽ നം. 48/16-17 |

കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കി, ആദായനികുതി വകുപ്പിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-15 മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പിലാക്കിയ പദ്ധതി - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവഹണോദ്യഗസ്ഥനായി നടപ്പിലാക്കിയ,"ഗവൺമെന്റ് ആയുർവേദ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങൽ" എന്ന പ്രോജക്റ്റിനായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം 1000000/- രൂപാ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

ബിൽ നമ്പർ - 1/2016-17, 17/2/17 തുക-734600

ബിൽ നമ്പർ - 2/2016-17, 17/2/17 തുക-265400

............

ആകെ 1000000

ആയതിന് കോർപ്പറേഷൻ കൈപ്പറ്റ് രശീത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 528975/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-16 തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് എ.ബി.സി. പ്രോഗ്രാം- കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

സീനിയർ വെറ്ററിനറി സർജൻ നിർവഹണോദ്യഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിയിൽ പദ്ധതി നടത്തിപ്പിനായി 100000/- രൂപ തൃശൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയെങ്കിലും, ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുക 100000/- രൂപ (ബിൽ നം.1/16-17 തിയതി 20/2/17) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല - തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്കായി കൈമാറിയ തുകകളുടെ കൈപ്പറ്റ് രശീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര് | ചെലവ് തുക | കൈമാറിയ സ്ഥാപനം | ബിൽ |
|---|---|---|---|
| ഐ.കെ.എം.ന് വിഹിതം നൽകൽ | 48300 | ഐ.കെ.എം. | 22/16-17 തിയതി.27/2/17 |
| എസ്.എസ്.എ. | 100000 | എസ്.എസ്.എ. | 14/16-17 |
| | 876295 | | 20/16-17, തിയതി ലഭ്യമല്ല |
| | 1924595 | | |

കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-18 ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

2016-17 വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ താഴെ പറയുന്ന ബിൽ പ്രകാരം മാറിയ 400000/- രൂപ മരുന്നുകൾ ലഭിയ്ക്കുന്നതിനായി ഹോംകോയ്ക്ക് കൈമാറിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നം.1/2016-17, തിയതി.10/3/2017 തുക – 2,00,000/-

ബിൽ നം.2/2016-17, തിയതി.10/3/2017 തുക – 1,00,000/-

ബിൽ നം.3/2016/17, തിയതി.10/3/2017 തുക - 1,00,000/-

മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-19 മെഡിക്കൽ ഓഫീസർ, അലോപ്പതി നിർവഹണോദ്യഗസ്ഥനായ "സമഗ്രആരോഗ്യപദ്ധതി" നടത്തിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായ ഈ പ്രോജക്ടിൽ, സ്കൂൾ ഹെൽത്ത്, ഡി&ഒ, ഏരിയ ഇമ്മ്യൂണൈസേഷൻ, പൾസ് പോളിയോ, സ്റ്റേഷനറി എന്നീ ഇനങ്ങളായാണ് ഉൾപ്പെടുത്തിയിരുന്നത്.

ഇതിൽ സ്കൂൾ ഹെൽത്ത് ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത് 10000/- രൂപയാണ്. സ്കൂളുകളിൽ ടി.ടി. വാക്സിനും അയൺ ഗുളികകളും വിതരണം ചെയ്യുന്നതിനായി വണ്ടി ഓടിയ ട്രിപ്പ്ഷീറ്റുകൾ മാത്രമാണ് രേഖയായി ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. ഈ രേഖയോടൊപ്പം തന്നെ ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ ഒരു സാക്ഷ്യപത്രം കൂടി വയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

ഡി&ഒ-യിൽ ബേക്കറി, ഹോട്ടൽ എന്നിവ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയതായി കാണുന്നു. ഇതിന് 12500/- രൂപ വണ്ടി വാടക ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നിയമാനുസൃതമായി ഇത്തരം പരിശോധനകൾ നടത്താൻ ബാധ്യസ്ഥരാണ്. ആയതിന് അവർക്ക് ശമ്പളത്തോടൊപ്പം സ്പെഷ്യൽ അലവൻസ് നൽകുന്നുണ്ട്. ആയതിനാൽ പദ്ധതികളിൽ ഇത്തരത്തിലുള്ള ചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-20 ഫയൽ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

ബിൽ നമ്പർ – 24, തി.30.03.17

2016-17 വർഷത്തിൽ, സെക്രട്ടറി നിർവഹണോദ്യഗസ്ഥനായി നടപ്പാക്കിയ പദ്ധതി നമ്പർ-278, സർവ ശുദ്ധി എന്ന പദ്ധതിയ്ക്കായി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 380000/ രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 3,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 എസ്റ്റിമേറ്റ് പോലും ലഭിക്കാതെ ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

12-ാം പദ്ധതിയുടെ 2016-17 വർഷത്തേക്ക് ബാധകമായ ആസൂത്രണ സബ്സിഡി മാർഗ്ഗരേഖയായ സ.ഉ.(എം.എസ്).നം. 4/2016/ ത.സ്വ.ഭ.വ. / തിയതി.11.1.16ലെ ഖണ്ഡിക 6.15(X) (ബി) &(സി) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ ആയി തുക നൽകണമെങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതും അതു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രൊജക്ട് തയ്യാറാക്കേണ്ടതുമാണ്. പ്രൊജക്ടിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെയാണ് തൻവർഷം പ്രവൃത്തികൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ ഭൂജല വകുപ്പിൽ തുക മുൻകൂർ ആയി നിക്ഷേപിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രൊജക്ട് നമ്പർ/ പേര് | നിക്ഷേപിച്ച തുക ₹ | അപാകതകൾ |
|---|---|---|---|

| നം. | | | |
|---|---|---|---|
| 1. | 140/17<br>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കുടിവെള്ളപദ്ധതി<br>(വകയിരുത്തിയ തുക-300000) | ട്ര.ബി.നം. 65/30.3.17; 200000 (വികസനഫണ്ട്)<br>തനത് ഫണ്ട്; 100000 | എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. ഭൂജല വകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല. ഭൂജല വകുപ്പിൽ നിന്നും കൈപ്പറ്റു രശീതി ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയായോ എന്ന വിവരം ലഭ്യമല്ല. |
| 2. | 285/17<br>എസ്.സി. സ്വാശ്രയ കുടിവെള്ള പദ്ധതി<br>(വകയിരുത്തിയ തുക- 5180091) | ട്ര.ബി.നം. 20/19.3.17;<br>5180091 (എസ്.സി.പി. ഫണ്ട്) | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. ഭൂജല വകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല. ഭൂജല വകുപ്പിൽ നിന്നും കൈപ്പറ്റു രശീതി ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയായോ എന്ന വിവരം ലഭ്യമല്ല. |
| 3. | 231/17<br>24x7 കുടിവെള്ള വിതരണം ബ്ലൂ | 999686<br>(ലോകബാങ്ക്) | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | ബ്രിഗേഡ് (വകയിരുത്തിയ തുക- 5000000) | ട്ര.ബി.നം. 22/9.3.17; 954996 (ധനകാര്യകമ്മീഷൻ) ട്ര.ബി.നം. 23/9.3.17; 455367 (വികസനഫണ്ട്) | ഭൂജലവകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല. ഭൂജലവകുപ്പിൽ നിന്നും കൈപ്പറ്റുരശീതി ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയായോ എന്ന വിവരം ലഭ്യമല്ല. |
| ആകെ | | 7890140 | |

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/ 08.06.17-ന് മറുപടിയൊന്നും ലഭ്യമായില്ല. ഈ സാഹചര്യത്തിൽ 7890140/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-22 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി മുൻകൂർ തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നമ്പർ : 229/1

വകയിരുത്തിയ തുക : 2110000 (ധനകാര്യ കമ്മീഷൻ അവാർഡ്) കരാറുകാരൻ : ശ്രീ.സി.എഫ്.ഷൈജു
ചെലവഴിച്ച തുക : ട്ര.ബി.നം. 229/ 30.3.17; 1000000

12 ാം പദ്ധതിയുടെ 2016-17 വർഷത്തേക്ക് ബാധകമായ ആസൂത്രണ സബ്സിഡി മാർഗ്ഗരേഖയായ സ.ഉ.(എം.എസ്).നം. 4/2016/ ത.സ്വ.ഭ.വ. / തിയതി.11.1.16 ലെ ഖണ്ഡിക 6.15(X)(എ) പ്രകാരം പദ്ധതിയിൽ ഉൾപ്പെടുന്ന പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി മുൻകൂർ നൽകൽ ധനകാര്യവകുപ്പിന്റെ 12.4.2006-ലെ 177/2006/ഫിൻ എന്ന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും അതിൽ പറഞ്ഞ ഇനങ്ങൾക്കും മാത്രമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 12.4.2006-ലെ 177/2006/ഫിൻ എന്ന ഉത്തരവിലെ ഖണ്ഡിക 6.2 പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ, ഗുണഭോക്തൃസമിതി പ്രവൃത്തികൾ, തൊഴിൽ രഹിത വേതനം, സാമൂഹ്യക്ഷേമ പെൻഷനുകൾ, നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോഡ്, യൂണിവേഴ്സിറ്റികൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ നൽകുന്ന സേവനങ്ങൾക്ക് നല്കേണ്ട പ്രതിഫലം, ഭവന നിർമ്മാണ പദ്ധതി പോലെയുള്ള ഗുണഭോക്തൃ പദ്ധതികൾ, സർക്കാർ പ്രത്യേക ഉത്തരവ് മുഖേന അനുവദിക്കുന്നവ എന്നിവക്ക് മാത്രമേ മുൻകൂർ ആയി തുക അനുവദിക്കാവൂ. എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി എ.എം.സി. ഏറ്റെടുത്ത കരാറുകാരന് 10 ലക്ഷം രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. കരാറുകാരനുമായി നാളിതുവരെ കരാറിലേർപ്പെട്ടിട്ടില്ല. തയ്യാറാക്കിയ കരട് കരാർ ഒപ്പ് വയ്ക്കാതെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കരട് കരാറിലെ 4ാമത്തെ വ്യവസ്ഥയിൽ കരാറുകാരൻ മെയിന്റനൻസ് ജോലികൾ ചെയ്യുന്നതിന് വേണ്ടി വരുന്ന പ്രാരംഭ ചെലവുകളിലേക്ക് മൊത്തം മെയിന്റനൻസ് തുകയുടെ 25 ശതമാനം തുക മുൻകൂറായി നൽകേണ്ടതാണെന്ന് പറയുന്നു. 5&6 വ്യവസ്ഥകളിൽ ജോലി ആരംഭിച്ച് ഒരു മാസം തികയുന്ന മുറക്ക് മൊത്തം മെയിന്റനൻസ് തുകയുടെ 20 ശതമാനം തുക കരാറുകാരന് നൽകണമെന്നും തുടർന്നു വരുന്ന 11 മാസങ്ങളിൽ ഓരോ മാസത്തേയും അവസാനപ്രവൃത്തി ദിവസം മൊത്തം മെയിന്റനൻസ് തുകയുടെ 5 ശതമാനം വീതം കരാറുകാരന് നൽകേണ്ടതാണെന്നും പറയുന്നു.

മേൽ പറഞ്ഞ വ്യവസ്ഥകൾ തെരുവ് വിളക്കുകളുടെ പരിപാലനം (റിപ്പയറിംഗും മെയിന്റനൻസും) ടെണ്ടറിലൂടെ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ.3/2011/ത.സ്വ.ഭ.വ. തിയതി. 15.9.11ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. സർക്കുലറിലെ ഖണ്ഡിക 2(എഫ്) പ്രകാരം ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് പ്രകാരമുള്ള ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറക്ക് മൂന്നുമാസം കൂടുമ്പോൾ നൽകണമെന്നാണ്

പറയുന്നത്. മാത്രമല്ല സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങൾക്കനുസരിച്ച് കരാറിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

സർക്കുലറിൽ നിർദ്ദേശിച്ചതുപോലെ കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായും കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകചയറി നം.16ന് മറുപടിയൊന്നും ലഭ്യമായില്ല. ഈ സാഹചര്യത്തിൽ 1000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-23 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തിയായില്ല-നഗരസഭക്ക് സ്പിൽ ഓവർ വിഹിതം നഷ്ടപ്പെടും

സ്പിൽഓവർ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം നൽകുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.ഡി.എ.1/279/2017/ത.സ്വ.ഭ.വ./11.5.17 പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2016-17 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പുതിയതായി ഏറ്റെടുത്ത പ്രൊജക്ടുകളിൽ 2017 മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്തവ 2017-18ൽ സ്പിൽ ഓവർ ആയി തുടരുകയാണെങ്കിൽ അത്തരം പ്രൊജക്ടുകൾ പൂർത്തിയാക്കുന്നതിനു വേണ്ട ബാക്കി തുക 2017-18ൽ പ്രത്യേകം അനുവദിക്കുന്നതാണ്.

2. 2015-16ൽ പുതുതായി ഏറ്റെടുത്തതും ആ വർഷം നിർവ്വഹണം പൂർത്തിയാകാത്തതിനാൽ 2016-17 ൽ ഭേദഗതി ഇല്ലാത്ത സ്പിൽ ഓവറായി ഉൾപ്പെടുത്തി 2017 മാർച്ച് 31 ന് ഭൗതികമായി നിർവ്വഹണം പൂർത്തിയായെങ്കിലും തുക നൽകുവാൻ ബാക്കിയുള്ളതുമായ പ്രൊജക്ടുകളുടെ ബാക്കി നൽകുവാനുള്ള തുക പ്രത്യേകം അനുവദിക്കുന്നതാണ്.

3. 2015-16 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പുതിയതായി ഏറ്റെടുത്തതും ആ വർഷം നിർവഹണം പൂർത്തിയാകാത്തതിനാൽ 2016-17-ൽ

ഭേദഗതി ഇല്ലാത്ത സ്പിൽ ഓവറായി ഉൾപ്പെടുത്തിയെങ്കിലും 2017 മാർച്ച് 31-ന് ഭൗതികമായി നിർവ്വഹണം പൂർത്തിയാകാത്ത പ്രൊജക്ടുകൾ 2017-18-ൽ സ്പിൽഓവർ ആയി തുടരാവുന്നതാണ്. എന്നാൽ അവ പൂർത്തിയാക്കുന്നതിനുള്ള വിഹിതം സർക്കാർ പ്രത്യേകം നൽകുന്നതല്ല. അത്തരം പ്രൊജക്ടുകൾ പൂർത്തിയാക്കുന്നതിനുവേണ്ട തുക 2017-18 ലെ ബജറ്റ് വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്.

മേൽ പറഞ്ഞ സ്പിൽഓവർ പ്രവൃത്തികളിൽ ക്രമനമ്പർ 3-ൽ പറഞ്ഞയിനം സ്പിൽഓവർ പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തൻവർഷത്തെ ബജറ്റ് വിഹിതത്തെയോ തനത് ഫണ്ടിനേയോ ബാധിക്കുന്നതാണ്.

വടക്കാഞ്ചേരി നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16-ലോ അതിനു മുമ്പോ ആരംഭിച്ചതും ഭൗതികമായി പൂർത്തീകരിക്കാത്തതുമായ പ്രൊജക്ടുകൾ നിരവധിയാണ്. 2016-17-ൽ അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടേയും ചെലവ് നടത്തിയ പ്രൊജക്ടുകളുടെയും പൂർത്തീകരിച്ച പ്രൊജക്ടുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | | ചെലവ് നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | |
|---|---|---|---|---|---|
| സ്പിൽ ഓവർ | പുതിയവ | സ്പിൽ ഓവർ | പുതിയവ | സ്പിൽ ഓവർ | പുതിയവ |
| 130 | 57 | 30 | 38 | 27 | 23 |

2016-17-ലെ വാർഷിക പദ്ധതിയിൽ 130 സ്പിൽഓവർ പ്രവൃത്തികളും 57 പുതിയ പ്രൊജക്ടുകളുമടക്കം 187 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. 57 പുതിയ പ്രൊജക്ടുകളിൽ തന്നെ 35 പ്രൊജക്ടുകൾ യഥാർത്ഥത്തിൽ പുതിയ പ്രൊജക്ടുകളല്ല; മറിച്ച് മുൻവർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രൊജക്ടുകളാണ്. 30 സ്പിൽഓവർ പ്രൊജക്ടുകളും 38 പുതിയ പ്രൊജക്ടുകളുമടക്കം 2016-17-ൽ 68 പ്രൊജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. അവയിൽ 27 സ്പിൽ ഓവർ പ്രവൃത്തികളും 23

പുതിയ പ്രൊജക്കുകളും അടക്കം 50 പ്രൊജക്കുകളാണ് പൂർത്തിയായിട്ടുള്ളത്. 18 പ്രവൃത്തികൾക്ക് ഭാഗികമായി മാത്രം ചെലവ് ചെയ്തിട്ടുള്ളതാണ്. ഇത്തരം പ്രവൃത്തികൾ 2017-18-ലേക്ക് സ്പിൽഓവർ ആയി ഉൾപ്പെടുത്തിയില്ലെങ്കിൽ ഇതേവരെയുള്ള ചെലവ് പാഴായി പോകാനും ഇടയുണ്ട്. സ്പിൽ ഓവർ ആക്കിയാൽ തനത് ഫണ്ടിൽ നിന്നോ തൻവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നോ തുക വകയിരുത്തേണ്ടതായി വരും. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ അടങ്കൽ | പ്രൊജക്ട് ആരംഭിച്ച വർഷം | ഇതുവരെ ചെലവഴിച്ച തുക ₹ | കുറിപ്പുകൾ |
|---|---|---|---|---|
| 1. | ജനറൽ സ്വയം സഹായസംഘം ഓഫീസ് കെട്ടിട നിർമ്മാണം<br>1156000 | 2014-15 | 100000 (2014-15);<br>162794<br>(ട്ര.ബി. 38/ 17.3.17) | കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് നിർമ്മിച്ചിരിക്കുന്നത്. എസ്റ്റിമേറ്റിലെ 9 മുതൽ 39 വരെയുള്ള ഇനങ്ങൾ നിർവ്വഹിച്ചിട്ടില്ല. |
| 2. | മിണാലൂർ വനിത വിപണന കേന്ദ്രം<br>2500000 | 2014-15 | 955944 (2015-16);<br>116599<br>(ട്ര.ബി. 8/ 17.1.17);<br>94828 | 3rd and final ബിൽ പൂർണ്ണമായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | (ട്ര.ബി. 7/ 17.1.17);<br><br>771271<br><br>(ട്ര.ബി. 10/ 9.2.17) | |

സ്പിൽഓവർ പ്രവൃത്തികൾ അവ സ്പിൽഓവർ ആകുന്ന വർഷത്തിൽ തന്നെ പൂർത്തിയാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ തന്നെ നിർദ്ദേശിച്ചിട്ടുള്ളതാണ്. മാത്രമല്ല വിവിധ സർക്കാർ ഉത്തരവുകളിലൂടെ സ്പിൽഓവർ പ്രവൃത്തികൾ പൂർത്തിയാക്കാൻ സർക്കാർ സമയം അനുവദിച്ചിരുന്നതുമാണ്.

മേൽ പറഞ്ഞ പ്രതിസന്ധി ഭാവിയിൽ സംഭവിക്കാതിരിക്കാൻ പദ്ധതി നിർവ്വഹണം കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

## 3-24 മോണിട്ടറിങ്ങ് നടത്തുന്നില്ല

ജി.ഒ. (എം.എസ്) 4/2016/ത.സ്വ.ഭ.വ./തിയതി 11.1.16-ലെ ഖണ്ഡിക 22 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2015-16

വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല. സ.ഉ.(എം.എസ്.)233/12/ത.സ്വ.ഭ.വ. തിയതി.7.9.12-ന്റെ അനുബന്ധം 5 പ്രകാരമുള്ള മോണിട്ടറിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തോടു കൂടിയുള്ള പ്രൊജക്ട് പൂർത്തീകരണ പത്രം ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. മോണിട്ടറിംഗ് നടത്താതെ തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-25 കെട്ടിട തൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ഈടാക്കുന്ന തുക പ്രത്യേകം പ്രത്യേകം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈടാക്കിയ മുഴുവൻ തുകകളും ക്ഷേമനിധി ബോർഡിലേക്ക് അയച്ചു കൊടുത്തതിന് ക്ഷേമനിധി ബോർഡിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. ക്ഷേമനിധി വിഹിതം ഈടാക്കിയത് അടവാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ക്ഷേമനിധി ബോർഡിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-26 പൊതുമരാമത്ത് മേഖല - വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കാനായില്ല

1. പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
2. അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 36.36% പ്രൊജക്ടുകളിൽ മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 23.11% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ഫണ്ട്

വിനിയോഗത്തിൽ വലിയ കുറവാണ് സംഭവിച്ചിരിക്കുന്നത്. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| | ലഭിച്ചത്/ അംഗീകാരം വകയിരുത്തിയത് ₹ | നടപ്പാക്കിയത്/ ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 187 | 68 | 36.36 |
| തുക | 117838966 | 27227549 | 23.11 |

## 3-27 മരാമത്ത് പ്രവൃത്തികളിലെ സേവന നികുതി അടവാക്കുന്നതിൽ കാണപ്പെട്ട അപാകതകൾ

തൻവർഷം ആരംഭിച്ച മരാമത്ത് പ്രവൃത്തികളിൽ സർവ്വീസ് ടാക്സ് ബാധകമായ പ്രവൃത്തികൾക്ക് സേവന നികുതി എസ്റ്റിമേററിൽ തന്നെ ഉൾപ്പടുത്തുകയും കരാറുകാരന് സേവന നികുതി അടക്കമുള്ള തുക നൽകുന്നതായും കാണുന്നു. മെയിന്ററനൻസ് പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 60 ശതമാനത്തിന്റെ 15%-വും (ആകെ പ്രവൃത്തിമൂല്യത്തിന്റെ 10.5%)-വും ഒറിജിനൽ പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 40 ശതമാനത്തിന്റെ 15% (ആകെ പ്രവൃത്തിമൂല്യത്തിന്റെ 6%)-വുമാണ് അടവാക്കേണ്ടത്. സേവന നികുതി കണക്കാക്കുന്നതിലും അടവാക്കുന്നതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരന്റെ സേവന നികുതി രജിസ്ട്രേഷൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല കരാറുകാരൻ സേവന നികുതി അടവാക്കിയതിന്റെ ചലാനും ഹാജരാക്കിയില്ല.

കരാറുകാരൻ ബിൽ തുക കൈപ്പറ്റിയതിന്റെ രേഖകളൊന്നും ഫയലിലില്ല. ആയതിനാൽ സേവനനികുതി തുക കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാവുന്നില്ല.

സേവന നികുതിക്കായി പിൻവലിച്ച തുക മറ്റേതെങ്കിലും അക്കൗണ്ടിൽ സൂക്ഷിച്ചതിന്റേയും രേഖകൾ ഫയലില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ

ഹാജരാക്കേണ്ടതുമാണ്.

## 3-28 എമൽഷനുകൾ ലഭ്യമായില്ല

2016-17ലെ പ്രവൃത്തികൾക്കായി ടാർ ലഭ്യമാകുന്നതിനായി 862940/- രൂപ എച്ച്.പി.സി.എൽ.-ന് മുൻകൂറായി നൽകിയിട്ടുണ്ട്. 115 ബാരൽ VG 30 ബിറ്റുമിൻ, 12ബാരൽ SS 1 എമൽഷൻ, 10 ബാരൽ RS 1 എമൽഷൻ എന്നിവ വാങ്ങുന്നതിനാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ 115 ബാരൽ VG 30 ബിറ്റുമിൻ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എമൽഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടാറിന്റേയും എമൽഷന്റേയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-29 കരാറു വെക്കാൻ കാലതാമസം - ഫൈൻ ഈടാക്കിയിട്ടില്ല

പ്രവൃത്തിയുടെ പേര് : വിവിധ അംഗൻവാടികളുടെ മെയിന്റനൻസ്

പ്രൊജക്റ്റ് നമ്പർ : 198/15

വകയിരുത്തിയ തുക : 1339763 (റോഡിതര സംരക്ഷണഗ്രാന്റ് )

സാങ്കേതികാനുമതി : 536/wky/14-15 dt 16.3.15; ₹1339763

കരാറുകാരൻ : ടി.എ.അബൂബക്കർ (0.05% കുറവ്)

കരാർ നമ്പർ/തിയതി : 61/AE/LSGD/wky/15-16 /22.2.16

ചെലവഴിച്ച തുക : ട്ര.ബി.19/13.3.17; 1309111

അളവു പുസ്തകം : 110/15-16

16.3.15-ന് സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തിയുടെ ടെണ്ടർ തുറന്നത് 28.3.15-ന് വൈകീട്ട് 4 മണിക്കാണ്. ശ്രീ.ടി.എ.അബൂബക്കറിന്റെ 0.05% കുറവിനുള്ള ടെണ്ടർ മാത്രമാണ് അന്ന് ലഭിച്ചിരുന്നത്. ഈ ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാനം ലഭ്യമായില്ല. കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതായും കാണുന്നില്ല. ഏകദേശം 11 മാസത്തിനുശേഷം 22.2.16-ന് ഈ കരാറുകാരനുമായി കരാറിലേർപ്പെടുകയും പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കരാർ വെക്കാൻ വൈകിയതിന് ഫൈൻ ഈടാക്കിയിട്ടില്ല. സ.ഉ.(പി) 524/15/ഫിൻ/17.11.15 പ്രകാരം 5 ലക്ഷം രൂപ മുതൽക്കുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ നിർബന്ധമാക്കിയിരുന്നു. എന്നാൽ ഇ-ടെണ്ടർ നടത്താതെ മുമ്പ് ടെണ്ടറിൽ പങ്കെടുത്ത കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നൽകിയതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.27/9.6.17-ന് മറുപടിയൊന്നും ലഭ്യമായില്ല. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി ലഭ്യമാകുന്നതു വരെ 1309111/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-30 ടെണ്ടർഫോമിന്റെ വില നഗരസഭക്ക് ലഭ്യമായില്ല

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് നഗരസഭയായതിനു ശേഷം ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വില നഗരസഭ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ എസ്.ബി.ടി.യിലുള്ള 67327267026 എന്ന അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ഈ അക്കൗണ്ട് മുമ്പ് തന്നെ നിലവിലുള്ളതായിരുന്നു. 18.4.17ൽ ഈ അക്കൗണ്ടിൽ 410925/- രൂപ നീക്കിയിരിപ്പുണ്ട്. ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലായിരുന്നു ടെണ്ടർ ഫോറത്തിന്റെ വില അടവാക്കിയിരുന്നത്. എന്നു മുതലാണ് മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ടെണ്ടർ ഫോറം വില അടവാക്കി തുടങ്ങിയതെന്ന് വ്യക്തമല്ല. ടെണ്ടർ രജിസ്റ്ററിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എത്ര പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട് എന്ന വിവരവും ലഭ്യമല്ല. ടെണ്ടർ ഫോറത്തിന്റെ വില നഗരസഭയായുടെ തനത് വരുമാനമായതിനാൽ ഈ തുക നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ

ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നഗരസഭക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-31 വൗച്ചറുകൾ ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷം തനതുഫണ്ട് നിക്ഷേപിക്കുന്ന താഴെ പറയുന്ന അക്കൗണ്ടുകളിൽ നിന്നും ചെലവായി രേഖപ്പെടുത്തിയ (ബാങ്ക് ബുക്ക് പ്രകാരം) വൗച്ചറുകൾക്കാധാരമായ ചെലവു രേഖകൾ ഹാജരാക്കിയില്ല.

| A/C No.67382438724 (SBT, WKY) | | A/C No. 713051400000012 (TSB) | |
|---|---|---|---|
| വൗച്ചർ നമ്പർ | തുക | വൗച്ചർ നമ്പർ | തുക |
| 21601876/ 31.3.17 | 148/- | 21601857/ 31.3.17 | 165127 |
| 21601877/ 31.3.17 | 6667/- | 21601858/ 31.3.17 | 11682 |
| 21601878/ 31.3.17 | 6667/- | 21601868/ 31.3.17 | 7501 |
| | | 21601869/ 31.3.17 | 117525 |
| | | 21601882/ 31.3.17 | 138/- |
| | | 21601883/ 31.3.17 | 3980 |
| ആകെ | 13482 | | 305953 |

ബിൽ രജിസ്റ്ററിൽ മേൽപ്പറഞ്ഞ വൗച്ചറുകൾ ഉൾപ്പെടുത്തിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കുന്നതു വരെ 319435/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| GWD | 231/17 കുടിവെള്ള വിതരണം (ബ്ലൂ ബ്രിഗേഡ്) 237/17 | 2410049 | - | 2410049 |
| GWD | 285/17 സമഗ്ര | 5180091 | - | 5180091 |

| | | | | |
|---|---|---|---|---|
| | കുടിവെള്ളപദ്ധതി (എസ്.സി.) | | | |
| GWD | 140/17 മിനി ഇൻഡസ്ട്രിയൽ കുടിവെള്ളം | 300000 | - | 300000 |

മേൽ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുടെ B-18 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിങ്ങ് കോംപ്ളക്സ് ലോൺ | - | 6000000 | 4774580 | 488564 | 570724 | 4286016 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| രാജീവ്ഗാന്ധി ഭവന നിർമ്മാണ പദ്ധതി | (1)നം. 61507/ ഡി.ബി.1/14 dt.22.11.2014<br><br>(2)നം. 63577/ ഡി.ബി.(1)/ 14 ത.സ്വ.ഭ.വ. | 40625000 | 37665000 | 4106542 | 789300 | 33558458 |
| ഹഡ്കോ | - | 357020 | 357020 | 357020 | - | 0 |

മേൽ ലഭ്യമാക്കിയ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 515300 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 515300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 515300 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| നിക്ഷേപത്തിന്റെ വിവരം | ലഭ്യമല്ല |
|---|---|
| ആകെ | 15300 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117302221 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102842270 |
| വരവിനങ്ങളിലുള്ള നഷ്ടം | 50113 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14483495 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

## (ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(2) | 1350 | - | ലിജോ അഗസ്റ്റിൻ, മുൻസിപ്പൽ സെക്രട്ടറി |
| 2-12 | 37580 | - | ലിജോ അഗസ്റ്റിൻ, മുൻസിപ്പൽ സെക്രട്ടറി |
| 2-16 (1) | 9715 | - | ലിജോ അഗസ്റ്റിൻ, മുൻസിപ്പൽ സെക്രട്ടറി |
| 2-16 (2) | 1029 | - | ലിജോ അഗസ്റ്റിൻ, |

| | | | |
|---|---|---|---|
| | | | മുൻസിപ്പൽ സെക്രട്ടറി |
| 3-9 | - | 800 | ലിജോ അഗസ്റ്റിൻ, മുൻസിപ്പൽ സെക്രട്ടറി |
| ആകെ | 50113/- | | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1351362 | ലിജോ അഗസ്റ്റിൻ, സെക്രട്ടറി (562062) രമ്യ കൃഷ്ണൻ (789300) |
| 3-11 | 208852 | ലിജോ അഗസ്റ്റിൻ, സെക്രട്ടറി |
| 3-16 | 100000 | ഡോ.ജോ.കുര്യക്കോസ്, സീനീയർ വെറ്ററിനറി സർജൻ |
| 3-17 | 1924595 | രമ്യ കൃഷ്ണൻ, സെക്രട്ടറി |
| 3-20 | 380000 | ലിജോ അഗസ്റ്റിൻ, സെക്രട്ടറി |
| 3-21 | 7890140 | ശ്രുതി.എൻ.സുബ്രമണ്യൻ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-22 | 1000000 | ശ്രുതി.എൻ.സുബ്രമണ്യൻ, മുൻസിപ്പൽ എഞ്ചിനീയർ |
| 3-29 | 1309111 | ശ്രുതി.എൻ.സുബ്രമണ്യൻ, മുൻസിപ്പൽ എഞ്ചിനീയർ |

| | | |
|---|---|---|
| 3-31 | 319435 | രമ്യ കൃഷ്ണൻ, സെക്രട്ടറി |
| ആകെ | **14483495** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലിജോ അഗസ്റ്റിൻ, സെക്രട്ടറി | | |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 74-75 മുതൽ<br><br>95-96 വരെ | എൽ.എഫ്.ടി.എസ്.2 - 790/11 / 19.07.11/ 21.10.11 |
| 96-97 | എൽ.എഫ്.ടി.13-146/98/ 04.12.98 |
| 97-98 | എൽ.എഫ്.ടി-20-61/99/ 11.05.99 |
| 98-99 | എൽ.എഫ്.ടി.-20-56/00/ 30.05.00 |
| 99-2000 | എൽ.എഫ്.ടി.-18-1252/01/ 24.04.02 |
| 2000-01 | എൽ.എഫ്.ടി.-17-244/02/ 16.09.02 |
| 01-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.-17-1396/03/ 10.02.04 |
| 01-02 | എൽ.എഫ്.ടി.(പി.1)- 229/12/ 27.02.12 |
| 02-03 | |
| 03-04 | |
| 04-05 | |
| 05-06 | |
| 06-07 | |
| 07-08 | എൽ.എഫ്.ടി.(പി.1)- 2160/11/ 06.07.10 |
| 08-09 | എൽ.എഫ്.ടി.(പി.1)- 2161/11/ 06.07.10 |

| | |
|---|---|
| 09-10 | എൽ.എഫ്.ടി.(പി.1)-<br>2162/11/04.04.12/ 10.07.12 |
| 10-11 | എൽ.എഫ്.ടി.(പി.1)-<br>2050/12/22.01.13/10.04.13 |
| 11-12 | എൽ.എഫ്.ടി.(പി.1)-<br>1763/13/12.05.14/13.06.14 |
| 12-13 | എൽ.എഫ്.ടി.(പി.5)-<br>1419/14/05.01.15/12.02.15 |
| 2013-14 | |
| 2014-15 | കെ.എസ്.എ.-ടി.എസ്.ആർ.<br>(പി.5)/1282/ 15,17.11.15/<br>10.12.2015 |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.<br>(എം.)117/2017/ 31.01.2017 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശൂർ.

# അനുബന്ധം - 1

നം.കെ.എസ്.എ.ടി.എസ്.ആർ(എം)1566/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, തൃശ്ശൂർ-20
ഫോൺ നമ്പർ – 0487 2331249
ഇ മെയിൽ - dotsr.ksad@kerala.gov.in
തിയ്യതി.30.11.2017

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടക്കാഞ്ചേരി നഗരസഭയുടെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

No.KSA-TSR(M)1566/2017

Kerala state audit department,
District audit office, Thrissur-20
Phone No. 0487 2331249
E-mail -dotsr.ksad@kerala.gov.in
Date-30.11.2017

# **AUDIT CERTIFICATE**

Certified that I have audited the Annaual Fianacial Statement of Wadakkanchery Municipality in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4)of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities.

In my opinion, the Financial Statements of Wadakkanchery Municipality for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Joint Director,
District Audit Office,
Thrissur.